മി. സ്പീക്കർ: ഓർഡർ......... ഓർഡർ...... ചോദ്യം നമ്പർ (*181)

**പുതിയ ഊർജ്ജ നയം**

1(*181) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീമതി സി. കെ. ആശ:
ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ മേഖലയിലെ കാതലായ മാറ്റം ഉൾക്കൊണ്ട് സംസ്ഥാനം പുതിയ ഊർജ്ജനയം രൂപീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പുതിയ ഊർജ്ജനയം രൂപീകരിക്കാൻ വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) എല്ലാ മേഖലകളിലും സൗരോർജ്ജത്തിന്റെ സാധ്യത പ്രയോജനപ്പെടുത്തുന്നതിനുപുറമേ പുതിയ ഊർജ്ജ സ്രോതസ്സുകൾ കണ്ടെത്തുന്നതിന് പ്രസ്തുത നയം പ്രാധാന്യം നൽകുമോ; വിശദമാക്കാമോ;

(ഡി) താങ്ങാവുന്ന നിരക്കിൽ എല്ലാവർക്കും വൈദ്യുതി നൽകുന്നതിലും പുനരുപയോഗ ഊർജ്ജ ലക്ഷ്യം കൈവരിക്കുന്നതിലും ഉൾപ്പെടെ നീതി

ആയോഗിന്റെ സുസ്ഥിര വികസന സൂചികകളിൽ കേരളം തുടർച്ചയായി ഒന്നാംസ്ഥാനം കരസ്ഥമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ,

(എ&ബി) ഉണ്ട്. ശാസ്ത്രസാങ്കേതിക മേഖലയിൽ അനുദിനം സംഭവിച്ചുകൊണ്ടിരിക്കുന്ന വളർച്ച ഊർജ്ജമേഖലയിലും ഏറെ മാറ്റങ്ങൾക്ക് കാരണമായിട്ടുണ്ട്. പരമ്പരാഗത ഊർജ്ജ ഉറവിടങ്ങളിൽനിന്നും പുനരുപയോഗ സാധ്യമായതും പരിസ്ഥിതി സംരക്ഷണത്തിന് ഉതകുന്നതുമായ ഊർജ്ജ സ്രോതസ്സുകളിലേയ്ക്ക് മാറേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. വർദ്ധിച്ചുവരുന്ന ഊർജ്ജ ഉപഭോഗത്തിനനുസൃതമായി പുനരുപയോഗസാധ്യമായ ജലവൈദ്യുതപദ്ധതി, സൂര്യപ്രകാശം, കാറ്റ്, ഹൈഡ്രജൻ, തിരമാലകൾ തുടങ്ങിയ ഊർജ്ജ സ്രോതസ്സുകൾ പരമാവധി ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യതകൾ വിശദമായി പരിശോധിക്കപ്പെടേണ്ടത് ആവശ്യമാണ്. ഇതിന്റെയടിസ്ഥാനത്തിൽ പുതിയ കാലഘട്ടത്തിന്റെ സാധ്യതകളെ പൂർണ്ണമായും പ്രയോജനപ്പെടുത്താവുന്ന രീതിയിൽ സംസ്ഥാനത്തിന് തനതായ ഒരു ഊർജ്ജനയം രൂപീകരിക്കുകയെന്ന ലക്ഷ്യത്തോടെ ഊർജ്ജ വകുപ്പ് അഡീഷണൽ ചീഫ്

സെക്രട്ടറി അദ്ധ്യക്ഷനായി വിവിധ വകുപ്പുകളുടെ പ്രതിനിധികളും ഊർജ്ജമേഖലയിലെ വിദഗ്ധരും അംഗങ്ങളായി 29-12-2023-ലെ സർക്കാർ ഉത്തരവ് (കൈ) നം.11/2023/Power പ്രകാരം ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

ഊർജ്ജനയത്തിന്റെ ഓരോ മേഖലയിലും വരുന്ന പ്രധാന ശീർഷകങ്ങളുടെ കരട് തയ്യാറാക്കുന്നതിന് വിവിധ വകുപ്പുകളെയും സ്ഥാപനങ്ങളെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. പുനരുപയോഗം സാധ്യമായ പരിസ്ഥിതി സൗഹൃദ ഊർജ്ജസ്രോതസ്സുകൾ കണ്ടെത്തുക, പൊതു സ്ഥലങ്ങളിലും കെട്ടിടങ്ങളിലും സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുക, ഹൈഡ്രജൻ ഇന്ധനമായി ഉപയോഗിക്കുക, വാഹനങ്ങളിലും മറ്റും സൗരോർജ്ജ പാനൽ സ്ഥാപിക്കുക, കാർബൺ ബഹിർഗമനം കുറയ്ക്കുക, Battery Energy Storage System (BESS), Pumped Storage തുടങ്ങിയവയുടെ സാധ്യതകൾ പരിശോധിക്കുക, വൈദ്യുതി ഉത്പാദനം, പ്രസരണം, വിതരണം എന്നിവയിൽ വരുത്തേണ്ട മാറ്റങ്ങൾ, ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ, വൈദ്യുതി സുരക്ഷ, വൈദ്യുതി വാഹന നയം, കെട്ടിട നിർമ്മാണ ചട്ട ഭേദഗതി, ഊർജ്ജമേഖലയിൽ നൂതന ആശയങ്ങൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രൂപീകരിക്കുക എന്നിവയും ലക്ഷ്യമിടുന്നു. ഇതിനായി രൂപീകരിച്ച സമിതിയുടെ ആദ്യ യോഗം 6-1-2024-ന് ഊർജ്ജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. കരട് ഊർജ്ജനയം രൂപീകരിക്കുന്നത് സംബന്ധിച്ച പ്രാരംഭപ്രവർത്തനങ്ങൾ പ്രസ്തുത യോഗത്തിൽ ചർച്ച ചെയ്യുകയും ഇതിന്റെയടിസ്ഥാനത്തിൽ 06-02-2024-ന് സമിതി അംഗങ്ങൾ, വിഷയ വിദഗ്ദ്ധർ എന്നിവരെയുൾപ്പെടുത്തിക്കൊണ്ട് വിശദമായ ഒരു ഏകദിന ശില്പശാല സംഘടിപ്പിക്കുകയും ചെയ്തിരുന്നു. ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നേരത്തെ തീരുമാനിച്ചിരുന്ന വിഷയങ്ങൾക്കുപുറമെ കരട് ഊർജ്ജനയത്തിൽ കൂടുതലായി ഏതെങ്കിലും വിഷയം ഉൾപ്പെടുത്തേണ്ടതുണ്ടെങ്കിൽ അവകൂടി കരട് തയ്യാറാക്കുന്ന അവസരത്തിൽ പരിഗണിക്കുന്നതാണ്. വിവിധ ശീർഷകങ്ങളിലെ റിപ്പോർട്ടുകൾ ക്രോഡീകരിച്ച് ഈ മേഖലയിലെ വിദഗ്ദ്ധരുടെയും മറ്റു ബന്ധപ്പെട്ടവരുടെയും അഭിപ്രായങ്ങൾകൂടി പരിഗണിച്ചുകൊണ്ടായിരിക്കും സമഗ്ര ഊർജ്ജനയം പ്രസിദ്ധീകരിക്കുന്നത്.

(സി) സൗരോർജ്ജം, ഫ്ലോട്ടിംഗ് സോളാർ, കാറ്റിൽനിന്നുള്ള വൈദ്യുതി, മറ്റു പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ എന്നിവ വികസിപ്പിക്കുന്നതിന് പുതിയ ഊർജ്ജനയത്തിൽ പ്രാധാന്യം നൽകുന്നതാണ്. സൗരോർജ്ജം കൂടുതലായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ, പൊതുസ്ഥലങ്ങളിലും സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലും സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുക, ഹൈഡ്രജൻ ഇന്ധനമായി ഉപയോഗിക്കുന്നതിന്റെയും, വിൻഡ്, പമ്പ്ഡ് സ്റ്റോറേജ്, Vehicle to Grid (V2G), Battery Energy Storage System (BESS) എന്നീ സംവിധാനങ്ങൾ വികസിപ്പിക്കുന്നതിന്റെ സാധ്യതകളും പുതിയ ഊർജ്ജനയത്തിൽ ഉൾപ്പെടുത്തുന്നതാണ്. കരട് ഊർജ്ജനയം ലഭ്യമായശേഷം വിപുലമായ ശില്പശാല നടത്തി ഈ മേഖലയിലെ വിദഗ്ദ്ധരുടെയും മറ്റു ബന്ധപ്പെട്ടവരുടെയും അഭിപ്രായങ്ങൾകൂടി പരിഗണിച്ചുകൊണ്ടായിരിക്കും സമഗ്ര ഊർജ്ജനയം പ്രസിദ്ധീകരിക്കുന്നത്.

(ഡി) കാലാവസ്ഥ, ഊർജ്ജം എന്നീ മേഖലകളിൽ സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും നടത്തിയ ശ്രമങ്ങൾ വിലയിരുത്താൻ നീതി ആയോഗ് നടത്തിയ ആദ്യ ശ്രമങ്ങളിലൊന്നാണ് സ്റ്റേറ്റ് എനർജി ആൻഡ്

ക്ലൈമറ്റ് ഇൻഡക്സ് (The State Energy and Climate Index– SECI). താങ്ങാനാവുന്ന വില (affordability), പ്രാപ്യത (accessibility), കാര്യക്ഷമത (efficiency), വൈദ്യുതി വിതരണ കമ്പനിയുടെ പ്രവർത്തന മികവ് (DISCOM' s performance) എന്നിവയോടൊപ്പം പരിസ്ഥിതി സൗഹൃദമായ വൈദ്യുതിയുടെ ഉപയോഗം, ഊർജ്ജക്ഷമത, പാരിസ്ഥിതിക സുസ്ഥിരത, നൂതന ആശയങ്ങൾ നടപ്പാക്കുന്നതിനുള്ള കഴിവ് എന്നിവയും ഇതിൽ വിലയിരുത്തപ്പെടുന്നു. സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും പ്രകടനം വിലയിരുത്താൻ 27 ഘടകങ്ങൾ പരിശോധനാ വിധേയമാക്കിയിരുന്നു.

2022 ഏപ്രിലിൽ പ്രസിദ്ധീകരിച്ച NITI AYOG-ന്റെ State Energy & Climate Index round 1 പ്രകാരം താങ്ങാവുന്ന നിരക്കിൽ സുസ്ഥിര വൈദ്യുതി എല്ലാവർക്കും ലഭ്യമാക്കുന്നതിൽ സംസ്ഥാനം ഒന്നാം സ്ഥാനത്താണ്. 2018-ലെ പതിമൂന്നാം സ്ഥാനത്തുനിന്നും സ്ഥിതി മെച്ചപ്പെടുത്തിയാണ് കേരളം 2021-ലെ സൂചികയിൽ ഒന്നാം സ്ഥാനത്തെത്തിയത്. കൃഷിക്കും വ്യവസായത്തിനും വൈദ്യുതി ലഭ്യമാക്കുക,

cross subsidy, ToD tariff നടപ്പാക്കുക എന്നീ ഘടകങ്ങളിൽ ഏറ്റവും കൂടിയ score കേരളത്തിന് നേടാനായി.

ശ്രീ. ജി. എസ്. ജയലാൽ: സർ, ഇലക്ട്രിക് വാഹനങ്ങൾ കൂടുതലായി നിരത്തിലിറങ്ങുന്നതോടെ വൈദ്യുതി ഉപയോഗം വർദ്ധിക്കുമെന്നതിനാൽ 2030-ൽ സംസ്ഥാനത്തെ വൈദ്യുതി ഉപയോഗം ഇരട്ടിയിലധികമായി മാറും. ഇപ്പോൾ 2538.4 കോടി യൂണിറ്റ് വൈദ്യുതിയാണ് ഉപയോഗിക്കുന്നതെങ്കിൽ, 2030 ആകുമ്പോൾ വീണ്ടും 2700 കോടി അധിക യുണിറ്റ് വൈദ്യുതി വേണ്ടിവരുമെന്നത് മനസ്സിലാക്കിയിട്ടുണ്ടോ; അതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, വൈദ്യുതി ഉല്പാദന രംഗത്ത് സ്വയംപര്യാപ്തത കൊണ്ടുവരാനാണുദ്ദേശിക്കുന്നത്. സംസ്ഥാനത്തെ ശരാശരി വാർഷിക ജലലഭ്യത 3000 ടി.എം.സി. ആണ്. എന്നാൽ, വൈദ്യുതി ഉല്പാദനത്തിനും ജലസേചനത്തിനും കുടിവെള്ളത്തിനുമായി ഉപയോഗിക്കുന്നത് വെറും 300 ടി.എം.സി. ആണ്. ഈ സ്ഥിതി മാറ്റേണ്ടതുണ്ട്. സംസ്ഥാനത്ത് വൈദ്യുതിയുടെ ചെലവ് കുറയണമെങ്കിൽ ആഭ്യന്തര വൈദ്യുതോല്പാദനം വൻതോതിൽ വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

ചെറുകിട ജലവൈദ്യുത പദ്ധതികൾ വഴിയും പുരപ്പുറ-ഭൗമോപരിതല-ഫ്ലോട്ടിംഗ് സോളാർ പദ്ധതികൾ വഴിയും വൻതോതിലുള്ള ഉല്പാദനം ആരംഭിക്കേണ്ടിയിരിക്കുന്നു. പ്രളയ പ്രതിരോധ അണക്കെട്ടുകൾ ഉൾപ്പെടെയുള്ള വിവിധോദ്ദേശ്യ പദ്ധതികൾ സംസ്ഥാനത്ത് ആരംഭിക്കേണ്ടിയിരിക്കുന്നു. 800 മെഗാവാട്ട് ശേഷിയുള്ള ഇടുക്കി രണ്ടാംഘട്ട പദ്ധതി, 240 മെഗാവാട്ട് ശേഷിയുള്ള ലക്ഷ്മി പദ്ധതി, 700 മെഗാവാട്ട് ശേഷിയുള്ള ഇടുക്കി പമ്പ്ഡ് സ്റ്റോറേജ് സ്കീം, 600 മെഗാവാട്ട് ശേഷിയുള്ള പള്ളിവാസൽ പമ്പ്ഡ് സ്റ്റോറേജ് സ്കീം, ഇടമലയാർ പമ്പ്ഡ് സ്റ്റോറേജ് സ്കീം തുടങ്ങിയവ യാഥാർത്ഥ്യമാക്കാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. സംസ്ഥാനത്ത് ഏകദേശം 4000 മെഗാവാട്ട് ശേഷിയുള്ള പമ്പ്ഡ് സ്റ്റോറേജുകൾക്ക് സാധ്യതയുണ്ട്. സംസ്ഥാനത്തെ ഉപ്പുവെള്ളം, കായൽ തരിശായി കിടക്കുന്ന ജലാശയങ്ങൾ എന്നിവയിൽ 6000 മെഗാവാട്ട് ശേഷിയുള്ള ഫ്ലോട്ടിംഗ് സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കാനാകുമെന്ന് ചില പഠനങ്ങൾ സൂചിപ്പിക്കുന്നു. പാരിസ്ഥിതികാഘാതം കുറഞ്ഞ ഇത്തരം പദ്ധതികൾ കാലതാമസമില്ലാതെ പൂർത്തിയാക്കാവുന്നതാണ്. പുരപ്പുറ സൗരോർജ്ജ പദ്ധതിയിലും

ആശാവഹമായ മുന്നേറ്റം നാം നടത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 630 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ പൂർത്തീകരിച്ചു. 2030-ഓടെ സംസ്ഥാനത്തെ വൈദ്യുതി ആവശ്യകത പൂർണ്ണമായും പുനരുപയോഗ ഊർജ്ജ സ്രോതസ്സുകൾ മുഖേന നിറവേറ്റാൻ സാധിക്കും. ചാർജ്ജിംഗ് സ്റ്റേഷനുകളിൽ സോളാർ സ്റ്റേഷനുംകൂടി ഉൾപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കും.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, സാധാരണയായി ഇലക്ട്രിക് വാഹനങ്ങൾ പകൽ സമയത്ത് നിരത്തിൽ ഓടുകയും രാത്രിയിൽ ചാർജ്ജ് ചെയ്യുകയുമാണ് പതിവ്. രാത്രികാലത്ത് വൈദ്യുതി ഉപയോഗം കൂടുതലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; രാത്രിയിലെ വാഹന ചാർജ്ജിംഗിന് എന്തെങ്കിലും പ്രത്യേക നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇ-വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സബ്സിഡി ഇളവുകൾ നൽകുന്ന ഏതെങ്കിലും സ്കീമുകൾ വൈദ്യുത ബോർഡ് ആവിഷ്കരിച്ചിട്ടുണ്ടോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ആവിഷ്കരിച്ചിട്ടുണ്ട്. ചാർജ്ജിംഗ് സ്റ്റേഷൻ എല്ലായിടത്തും സ്ഥാപിക്കാനുള്ള സൗകര്യം ചെയ്തിട്ടുണ്ട്. പ്രൈവറ്റ് സ്ഥാപനങ്ങൾക്ക് സബ്സിഡി നൽകി പ്രൈവറ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ

സ്ഥാപിക്കുന്നതിൽ സോളാർ ബാറ്ററി സ്റ്റോറേജ്കൂടി ഉൾപ്പെടുത്താനുദ്ദേശിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ: സർ, ഗാർഹിക ഉപയോഗം വർദ്ധിക്കുകയാണ്. അതോടൊപ്പം സംസ്ഥാനത്ത് 140000 പുതിയ വ്യവസായ യൂണിറ്റുകൾ വരുന്നുണ്ട്. ഇത്തരം സാഹചര്യത്തിൽ പുതിയ ഊർജ്ജനയമനുസരിച്ച് കേരളത്തെ സ്വയംപര്യാപ്തതയിലെത്തിക്കാൻ എന്ത് പദ്ധതിയാണ് ആസൂത്രണം ചെയ്യുന്നത്?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, പ്രസ്തുത വിഷയം സംബന്ധിച്ച് ഊർജ്ജനയത്തിൽ വ്യക്തമാക്കിയിരുന്നു.

ശ്രീമതി സി. കെ. ആശ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. പി. എസ്. സുപാൽ): സർ, കേന്ദ്രഗവൺമെന്റ് പാസ്സാക്കിയ വൈദ്യുത നിയമ ഭേദഗതി ബിൽ ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമാണ്. സംസ്ഥാന താല്പര്യങ്ങൾക്ക് വിരുദ്ധമായതും അദാനിക്കുവേണ്ടിയുള്ളതുമായ ഒരു നിയമമാണത്. ഇത് മറികടക്കാൻ സംസ്ഥാന വൈദ്യുതി വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, കേന്ദ്രനയം സ്വകാര്യവൽക്കരണത്തിന് അനുകൂലമായാണ് നിലകൊള്ളുന്നത്. അവർക്ക് സൗകര്യമുണ്ടാകുന്ന രീതിയിലുള്ള കാര്യങ്ങളാണ് അവർ ചെയ്യുന്നത്. ഇപ്പോൾ ഇവിടെ ഇറക്കുമതി ചെയ്യുന്ന കൽക്കരിയുടെ 20 ശതമാനം ഇവിടെത്തന്നെ ഉപയോഗിക്കണമെന്ന നിബന്ധന കേന്ദ്രം കൊണ്ടുവന്നിട്ടുണ്ട്. ആസ്ട്രേലിയയിൽനിന്നുള്ള കൽക്കരി, അദാനിയെപ്പോലുള്ള ആളുകൾ കൽക്കരി ഖനി ഏറ്റെടുത്തപ്പോൾ അവിടത്തെ കൽക്കരി ഇവിടെ ചെലവാകാതിരുന്നപ്പോൾ അത് ചെലവാക്കാൻവേണ്ടിയാണ് 20 ശതമാനം കൽക്കരി ഉപയോഗിക്കണമെന്ന നിബന്ധന കൊണ്ടുവന്നിട്ടുള്ളത്. ഇപ്പോൾ ചാർജ്ജ് വർദ്ധിപ്പിക്കാനുള്ള അനുമതികൂടി അവർക്ക് നൽകിയിരിക്കുകയാണ്. ആ തെറ്റായ നയത്തിനെതിരെ സംസ്ഥാനം ശക്തമായ നിലപാടെടുത്തിട്ടുണ്ട്.

ശ്രീ. സി. സി. മുകുന്ദൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ): സർ, സർക്കാർ ഊർജ്ജമേഖലയിൽ കാതലായ മാറ്റങ്ങൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. തദവസരത്തിൽ തൃശ്ശൂർ, പൊന്നാനി കോൾ മേഖലകളിൽ നടപ്പാക്കുന്ന അനെർട്ടിന്റെ ആഭിമുഖ്യത്തിലുള്ള

സൗരോർജ്ജ പദ്ധതിയുടെ വിവരങ്ങൾ വിശദമാക്കാമോ; അതോടൊപ്പം കോൾ പാടശേഖരങ്ങളിലെ പമ്പുകൾ സൗരോർജ്ജത്തിലേയ്ക്ക് മാറ്റുന്നതിനുള്ള പ്രത്യേക പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, കാർഷിക മേഖലയിൽ സോളാർ സ്ഥാപിക്കാനുള്ള പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. അതിന്റെ ഉദ്ഘാടനം ഈ മാസം 19-ാം തീയതി തൃശ്ശൂരിൽ വച്ച് നടത്തുകയാണ്. കൃഷിക്കാർക്ക് അധിക വരുമാനം ലഭിക്കുന്ന രീതിയിലാണ് കാർഷികമേഖലയിൽ ഈ സംവിധാനം നടപ്പാക്കിയിരിക്കുന്നത്. 60 ശതമാനം തുക സബ്സിഡി ബാക്കി 40% നബാർഡിൽ നിന്നുള്ള ടൈ അപ്പ് - ഈ രീതിയിലാണ് ലോൺ നൽകുന്നത്. നമുക്ക് ലഭിക്കുന്ന വരുമാനത്തിൽനിന്നും ലോൺ തിരിച്ചടച്ചാൽ മതിയാകും. 5 ഏക്കർ ഭൂമിയിൽ കൃഷി ചെയ്തശേഷം 8 മാസം കഴിഞ്ഞ് പരിശോധന നടത്തിയപ്പോൾ കൃഷിക്കാരന് സോളാർ പദ്ധതിയിലൂടെ 14,000 രൂപ ലാഭം കിട്ടുന്നുണ്ട്. പ്രസ്തുത പദ്ധതി വ്യാപകമായി പ്രയോജനപ്പെടുത്തിയാൽ കൃഷിക്കാർക്ക് അധിക വരുമാനം ലഭിക്കുകയും ചുരുങ്ങിയ ചെലവിൽ ഇലക്ട്രിസിറ്റി ചാർജ്ജ് കൊടുത്തുകൊണ്ട് സോളാറിലേയ്ക്ക് മാറുകയും ചെയ്യാം.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുമ്പോൾ ട്രാൻസ്ഫോർമർ ലഭ്യമാകാത്തതുകൊണ്ടാണ് ഇവിടെ പലപ്പോഴും വൈദ്യുതി പ്രതിസന്ധിയുണ്ടാകുന്നത്. എന്റെ മണ്ഡലമായ പെരുമ്പാവൂരിൽ പലരും ലോണെടുത്ത് വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുമെങ്കിലും കെ.എസ്.ഇ.ബി. അവർക്ക് ട്രാൻസ്ഫോർമർ ഫിറ്റ് ചെയ്തുകൊടുക്കാറില്ല. കെ. എസ്. ഇ. ബി. TELK (Transformers and Electricals Kerala)-ൽ നിന്നുമാത്രമാണ് ട്രാൻസ്ഫോർമർ വാങ്ങുന്നത്. ട്രാൻസ്ഫോർമർ ലഭിക്കാത്തതിനാൽ ഒരു വർഷത്തോളമായി അവിടത്തെ സ്ഥാപനങ്ങൾ പ്രവർത്തിക്കാതെ വ്യവസായ മേഖല നിലച്ചിരിക്കുകയാണ്. ഈ പ്രതിസന്ധിക്ക് പരിഹാരം കണ്ടെത്താൻ സാധിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, TELK-മായി സംസാരിച്ച് എത്രയുംവേഗം ട്രാൻസ്ഫോർമർ സപ്ലൈ ചെയ്യാനുള്ള തീരുമാനമെടുക്കുകയോ ബദൽ സംവിധാനം ഏർപ്പെടുത്തുകയോ ചെയ്യാം.

ശ്രീ. മുരളി പെരുനെല്ലി: സർ, മഴക്കാലത്ത് വെള്ളം നിറഞ്ഞുകിടക്കുന്ന പാടശേഖരങ്ങളിലും മറ്റ് പ്രദേശങ്ങളിലും വൈദ്യുതി കമ്പികൾ താഴ്ന്നുകിടന്നും പൊട്ടിവീണും ഇലക്ട്രിക് പോസ്റ്റുകളിൽ വാഹനങ്ങൾ ഇടിച്ച് കമ്പികൾ

പൊട്ടുന്നതുമൂലവുമുണ്ടാകുന്ന അപകടങ്ങൾ ഇപ്പോൾ വ്യാപകമാണ്. ഇതിന് പരിഹാരം കണ്ടെത്താൻ സാധിക്കണം. കൂടാതെ വൈദ്യുതി പ്രസരണ നഷ്ടവും ഇപ്പോൾ ഒരു തുടർക്കഥയാകുകയാണ്. ഈ സ്ഥിതിക്ക് പരിഹാരം കാണുന്നതിന് നിലവിലെ വൈദ്യുത കമ്പികൾക്കുപകരം Aerial Bunched Cable (ABC) സ്ഥാപിക്കുന്ന പ്രവൃത്തികളുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്; മണലൂർ മണ്ഡലത്തിൽ നടന്നുവരുന്ന പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാൻ സാധിക്കും?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, പണത്തിന്റെ ലഭ്യതയ്ക്കനുസരിച്ച് പ്രവൃത്തികൾ നല്ല രീതിയിൽ നടന്നുവരുന്നുണ്ട്. Revamped Distribution Sector Scheme (RDSS) പദ്ധതികൂടി വരുമ്പോൾ അത് പരിപൂർണ്ണമായി നടപ്പാക്കാൻ സാധിക്കുന്നതാണ്. ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, ഡൽഹിയിൽ 'ചലോ ഡൽഹി' എന്ന പേരിൽ നടക്കുന്ന സമരത്തിൽ വൈദ്യുതി മേഖലയുമായി ബന്ധപ്പെട്ട് ഒരു പ്രധാനപ്പെട്ട ആവശ്യം കർഷകർ ഉന്നയിക്കുന്നുണ്ട്. കാർഷിക വിളകൾക്ക് താങ്ങുവില ഉറപ്പാക്കാനായി നിയമനിർമ്മാണം നടത്തണം, കാർഷിക കടങ്ങൾ എഴുതിത്തള്ളണം, കാർഷിക ഉല്പന്നങ്ങൾക്ക് വിലയിടിവിന്

വഴിയൊരുക്കുന്ന സ്വതന്ത്രവ്യാപാര കരാറുകളിൽനിന്നും ഇന്ത്യ പിന്മാറണം, എല്ലാ കാർഷിക ഉല്പന്നങ്ങളുടെയും ഇറക്കുമതി തീരുവ വർദ്ധിപ്പിക്കണം, വൈദ്യുതി ബോർഡുകളിലെ സ്വകാര്യവത്കരണം അവസാനിപ്പിക്കണം എന്നിവയാണ് അവരുടെ പ്രധാന ആവശ്യങ്ങൾ. കാർഷികമേഖലയെ വൈദ്യുതി ബോർഡുകളിലെ സ്വകാര്യവത്കരണം എങ്ങനെയാണ് ബാധിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; പുതിയ ഊർജ്ജ നയം എന്നതാണ് ഇവിടത്തെ ചോദ്യമെന്നിരിക്കെ ഡൽഹിയിൽ കർഷകർ നടത്തുന്ന സമരത്തോട് ഐക്യദാർഢ്യം പ്രഖ്യാപിക്കാൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, കർഷകസമരങ്ങളിൽ ഉന്നയിച്ച ആവശ്യങ്ങൾ ന്യായമാണ്. കാർഷികമേഖലയെ സ്വകാര്യവത്കരിക്കാനുള്ള യാതൊരു തീരുമാനവും സർക്കാർ സ്വീകരിച്ചിട്ടില്ല. കേന്ദ്ര ഗവൺമെന്റിന്റെ നയത്തിന് വിരുദ്ധമായി കാർഷിക മേഖലയെ പൊതുമേഖലയിൽത്തന്നെ നിലനിർത്താനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: സർ, ഷോളയാർ, പെരിങ്ങൽക്കുത്ത് എന്നീ ഡാമുകളിൽനിന്ന് കോടിക്കണക്കിന് രൂപയുടെ വൈദ്യുതിയാണ്

കെ.എസ്.ഇ.ബി.എൽ. ഉല്പാദിപ്പിക്കുന്നത്. എന്നാൽ ഈ പ്രദേശത്തെ ജനങ്ങൾ വൈദ്യുതി ക്ഷാമംമൂലം പൊറുതിമുട്ടുകയാണ്. ആദിവാസികളും തോട്ടം തൊഴിലാളികളുമുൾപ്പെടുന്ന ഈ പ്രദേശത്തെ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് വെറ്റിലപ്പാറയിൽ പുതിയ സബ്സ്റ്റേഷൻ അനുവദിക്കുമോ; അതോടൊപ്പം ഫെബ്രുവരി 2-ാം തീയതി ഷോളയാർ ഡാമിൽ P.P.P. (Public-Private Partnership) കരാറനുസരിച്ച് തമിഴ്നാട് വെള്ളം നിറച്ചുതരേണ്ടതായിരുന്നുവെങ്കിലും ഇതുവരെയും നിറച്ചുതന്നിട്ടില്ല. അതിലൂടെ സർക്കാരിനുണ്ടാകുന്ന കോടിക്കണക്കിന് രൂപയുടെ നഷ്ടം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, അങ്ങുമായി ചർച്ചചെയ്തുശേഷം സബ്സ്റ്റേഷന്റെ കാര്യത്തിൽ നടപടിയെടുക്കാം. രണ്ടാമത്തേത് interstate-മായി ബന്ധപ്പെട്ട വിഷയമായതിനാൽ ആയത് മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. മുഖ്യമന്ത്രി തമിഴ്നാട് ഗവൺമെന്റുമായി ശക്തമായ ഇടപെടൽ നടത്തിയതിനുശേഷമാണ് നമുക്ക് ഇപ്രാവശ്യവും കൂടുതൽ ജലം ലഭിച്ചത്. തമിഴ്നാട് പലപ്പോഴും കരാർ ലംഘിക്കാറുണ്ട്.

ഇപ്പോഴത്തെ അവരുടെ കരാർ ലംഘനത്തിലൂടെയുണ്ടായ നഷ്ടം ചർച്ചയിലൂടെ പരിഹരിക്കാനുള്ള ശ്രമം മുഖ്യമന്ത്രിതലത്തിൽ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. കെ. പി. മോഹനൻ: സർ, വൈദ്യുതി ഉപഭോക്താക്കൾ കൂടിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ വോൾട്ടേജ് ക്ഷാമവും കൂടിക്കൊണ്ടിരിക്കുകയാണ്. അതുപോലെത്തന്നെ ചില സമയത്ത് വൈദ്യുതി ലഭിക്കുന്നില്ല; ചിലപ്പോൾ കട്ട് ആകുന്നു. ഇതൊക്കെ പരിഹരിക്കാനാണ് 440, 110, 66 വോൾട്ടുള്ള സബ്സ്റ്റേഷനുകളുള്ളത്. ആയതിനാൽ സബ്സ്റ്റേഷനുകൾ കൂടുതൽ സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുമോ; എന്റെ നിയോജകമണ്ഡലത്തിലെ കല്ലിക്കണ്ടിയിലുള്ള സബ്സ്റ്റേഷൻ പ്രാവർത്തികമാക്കാനുള്ള നടപടി ത്വരിതഗതിയിലാക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ആയത് പരിശോധിക്കാവുന്നതാണ്.

ശ്രീ. എ. പ്രഭാകരൻ: സർ, നിലവിലെ വ്യവസായ മേഖലയിൽ ഇപ്പോഴുള്ള സബ് സ്റ്റേഷനുകളിൽനിന്ന് കറണ്ട് പ്രവഹിക്കുകയും കമ്പനി പ്രവർത്തിക്കുകയും ചെയ്യുന്നു. അതേസമയം ഒരു കാക്ക ലൈനിൽ കുടുങ്ങിയാൽപ്പോലും കറണ്ട് പോകുന്ന സ്ഥിതിയുള്ള സ്ഥലങ്ങളുണ്ട്.

അവിടങ്ങളിൽ പ്രത്യേകം സബ് സ്റ്റേഷൻ സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, അക്കാര്യം ആലോചിക്കാവുന്നതാണ്.

## കെ.എസ്.ഇ.ബി.-യുടെ സാമ്പത്തിക പ്രതിസന്ധി

(*182) ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. സാമ്പത്തിക പ്രതിസന്ധിയിലാണോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ സാമ്പത്തിക പ്രതിസന്ധിമൂലം പുതിയ പദ്ധതികൾ ഏറ്റെടുക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സാമ്പത്തിക പ്രതിസന്ധി സംബന്ധിച്ച് കെ.എസ്.ഇ.ബി. ചെയർമാൻ എന്തെങ്കിലും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, (എ) കെ.എസ്.ഇ.ബി.എൽ.-ൽ താൽക്കാലികമായി സാമ്പത്തിക പ്രയാസം

നേരിടുന്നുണ്ട്. 2023-ലെ കാലവർഷത്തിലുണ്ടായ കുറവ്, ആഭ്യന്തര വൈദ്യുതി ഉല്പാദനം കുറഞ്ഞത്, കാലാവസ്ഥാ വ്യതിയാനംമൂലം വൈദ്യുതി ഉപയോഗം ക്രമാതീതമായി വർദ്ധിച്ചത് എന്നീ കാരണങ്ങളാൽ പുറത്തുനിന്ന് ഉയർന്ന തോതിൽ വൈദ്യുതി വാങ്ങേണ്ട സാഹചര്യമുണ്ടായിട്ടുണ്ട്. അധിക വൈദ്യുതി ആവശ്യകത നിറവേറ്റാൻ ഹ്രസ്വകാല വൈദ്യുതി കരാറുകളിലൂടെയും പവർ എക്സ്ചേഞ്ചിൽനിന്നും ഉയർന്ന നിരക്കിൽ വൈദ്യുതി വങ്ങേണ്ടി വന്നതിനാലും ഈ സാമ്പത്തിക വർഷം ഇതുവരെ 1180 കോടി രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ.-ന് ഇപ്പോൾ ഏകദേശം 11,000 കോടി രൂപയുടെ കടബാധ്യതയുണ്ട്. കൂടാതെ പവർ എക്സ്ചേഞ്ചിൽനിന്നും വൈദ്യുതി വാങ്ങുമ്പോൾ തുക മുൻകൂറായി നൽകണമെന്ന വ്യവസ്ഥമൂലം കെ.എസ്.ഇ.ബി.എൽ-ന്റെ ധനകാര്യ മാനേജ്മെന്റ് കടുത്ത സമ്മർദ്ദം നേരിടേണ്ടിവരുന്നുണ്ട്. ഇപ്പോൾ പ്രതിദിനം 5 കോടിയോളം രൂപ പവർ എക്സ്ചേഞ്ചിൽ ചെലവിടേണ്ടതായി വരുന്നു.

**സാമ്പത്തിക പ്രയാസം തരണം ചെയ്യുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.**

വൈദ്യുതി ചാർജ്ജിനത്തിൽ 31-12-2023 വരെ കേരള വാട്ടർ അതോറിറ്റിയുൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങളുടെ കുടിശ്ശിക പലിശയുൾപ്പെടെ 3347.43 കോടി രൂപയാണ്. ഇതിൽ കേരള വാട്ടർ അതോറിറ്റിയുടെ കുടിശ്ശിക മാത്രം 2479 കോടി രൂപയാണ്. ഇത് പ്രതിമാസം KWA അടയ്ക്കാത്തതിനാൽ 37 കോടി രൂപ വീതം വർദ്ധിക്കുകയാണ്. വിവിധ സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും വൈദ്യുതി ചാർജ്ജ് കുടിശ്ശിക നിവാരണം ചെയ്യുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതലത്തിൽ ചർച്ച നടത്തുകയുണ്ടായി. യോഗത്തിലെടുത്ത തീരുമാനങ്ങൾ നടപ്പാക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. ഇതുപ്രകാരം വാട്ടർ അതോറിറ്റിയുടെ തനതുമാസ കറണ്ട് ചാർജ് ഒരു എസ്ക്രോ അക്കൗണ്ട് വഴി കെ.എസ്.ഇ.ബി.എൽ.-ലേയ്ക്ക് അടയ്ക്കുന്നതിനുള്ള സർക്കാർ ഉത്തരവ് 30-10-2023-ന് പുറപ്പെടുവിച്ചിട്ടുണ്ട്. മുൻകാല കുടിശ്ശികകൾ തീർപ്പാക്കാനുള്ള നടപടി പുരോഗമിച്ചുവരികയാണ്. മറ്റ് സർക്കാർ സ്ഥാപനങ്ങളുടെ കുടിശ്ശിക നിവാരണവും അന്തിമഘട്ടത്തിലാണ്.

2022-23 സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ നഷ്ടമായ 1023.62 കോടി രൂപയുടെ 75 ശതമാനമായ 767.715 കോടി രൂപ സർക്കാർ ഏറ്റെടുത്തുകൊണ്ട് 16-12-2023-ൽ G.O. (Rt). No. 8908/2023/Fin ആയി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കോവിഡ് കാലത്തുൾപ്പെടെ വർദ്ധിച്ചുവരുന്ന വൈദ്യുത ചാർജ്ജ് കുടിശ്ശിക നിവാരണത്തിന് പലിശ ഇളവോടെയുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

(ബി) തീരുമാനിച്ചിട്ടില്ല.

(സി) സാമ്പത്തിക സ്ഥിതി സംബന്ധിച്ച് കെ.എസ്.ഇ.ബി.എൽ. ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടർ ഒരു കുറിപ്പ് പുറപ്പെടുവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ കുറിപ്പ് പുറപ്പെടുവിച്ചതിനെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഊർജ്ജവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, വൈദ്യുതി മേഖലയുടെ പരിഷ്കരണത്തിനുള്ള കേന്ദ്ര സർക്കാരിന്റെ ഉപാധികൾ അംഗീകരിച്ചാൽ

സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ അര ശതമാനം അധികം കടമെടുക്കാൻ അനുവദിക്കുന്ന പദ്ധതി കേന്ദ്രം നടപ്പാക്കിയിരുന്നു. ഇതുവഴി കെ.എസ്.ഇ.ബി.എൽ.-ന്റെ എത്ര കോടി രൂപയുടെ നഷ്ടമാണ് സർക്കാർ ഏറ്റെടുത്തതെന്നും ഇതുമൂലം വൈദ്യുതി ഉപഭോക്താക്കൾക്ക് അധികഭാരം ഉണ്ടാകുമോയെന്നും വ്യക്തമാക്കുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ഇതുസംബന്ധിച്ച് ഞാൻ നേരത്തെ പറഞ്ഞിരുന്നു. സർക്കാർ കുടിശ്ശിക നിലനിർത്താൻ പാടില്ലെന്നുള്ളതിനാൽ അതിന്റെ അടിസ്ഥാനത്തിൽ ധനകാര്യവകുപ്പ് 764 കോടിരൂപ നമുക്ക് അനുവദിച്ചിട്ടുണ്ട്. അതുകൊണ്ട് മറ്റുപ്രശ്നങ്ങളൊന്നുമുണ്ടാകില്ല.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, കെ.എസ്.ഇ.ബി.എൽ-ന് വരുമാന വർദ്ധനവുണ്ടായിട്ടും കഴിഞ്ഞ ദിവസം പുറത്തുവിട്ട ബഡ്ജറ്റിലടക്കം മന്ത്രി ഉൾപ്പെടെ കെ.എസ്.ഇ.ബി.എൽ.-ന്റെ സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ച് പറയുന്നുണ്ട്. ഈ അടുത്തകാലത്ത് കെ.എസ്.ഇ.ബി.എൽ. ചെയർമാൻ കെ.എസ്.ഇ.ബി.എൽ.-ന്റെ താഴെ തട്ടിലേയ്ക്ക് ഒരു സർക്കുലർ അയച്ചതായും അതിൽ കെ.എസ്.ഇ.ബി.എൽ. സാമ്പത്തിക പ്രതിസന്ധിയിലാണ്, ശമ്പളം നൽകാൻ

സാധിക്കാത്തൊരവസ്ഥയാണ് വരുന്നതെന്നും അതുകൊണ്ട് നിലവിലുള്ള എല്ലാ പ്രോജക്ടുകളും നിർത്തലാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു സർക്കുലർ പുറപ്പെടുവിച്ചതായും പിന്നീട് അത് സർക്കാർ അറിഞ്ഞ് റദ്ദ് ചെയ്തതായുമുള്ള വാർത്ത വന്നിരുന്നു. അക്കാര്യം സത്യമാണോ; വിശദീകരിക്കുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, അക്കാര്യത്തെക്കുറിച്ച് അന്വേഷിക്കാൻ അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മറുപടി ലഭ്യമായതിനുശേഷമേ ഇക്കാര്യത്തിൽ എന്തെങ്കിലും പറയാൻ സാധിക്കൂ.

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, കെ.എസ്.ഇ.ബി.എൽ.-ന്റെ സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ചുള്ളതാണ് ചോദ്യം. അങ്ങ് ഒരു കൃഷിക്കാരൻ കൂടിയാണല്ലോ, കൃഷിക്കാർക്ക് സൗജന്യമായാണ് വൈദ്യുതി നൽകിയിരുന്നത്. എന്നാൽ സമീപകാലത്തായി എല്ലാ കൃഷിക്കാരോടും ഉപയോഗിച്ച വൈദ്യുതിയുടെ പണം ചോദിക്കുകയാണ്. എന്തടിസ്ഥാനത്തിലാണ് ഇത് ചോദിക്കുന്നത്; കൃഷിക്കാർക്ക് സൗജന്യമായി വൈദ്യുതി നൽകിയതിനുശേഷം ഉപയോഗിച്ച വൈദ്യുതിക്ക് പണമടയ്ക്കാനായി നോട്ടീസയച്ച് ആളുകളെ ബുദ്ധിമുട്ടിക്കേണ്ട കാര്യമുണ്ടോ;

ഇതിന്റെ യഥാർത്ഥ സ്ഥിതിയെന്താണ്; ഇതിൽനിന്നും പിന്മാറാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, അഞ്ച് ഏക്കറിൽ താഴെ ഭൂമിയുള്ള കൃഷിക്കാർക്ക് സൗജന്യ വൈദ്യുതിയാണ് നൽകുന്നത്. അതിന്റെ തുക കൃഷി വകുപ്പാണ് അടയ്ക്കേണ്ടത്. അത് ചർച്ച ചെയ്ത് തീർപ്പാക്കാനുള്ള ശ്രമം നടത്തുന്നുണ്ട്. അഞ്ച് ഏക്കറിൽ താഴെ ഭൂമിയുള്ള കൃഷിക്കാർക്ക് സോളാർ പാനൽ നൽകി അഡീഷണൽ വരുമാനം നൽകുന്ന ഒരു പദ്ധതികൂടി ആസൂത്രണം ചെയ്യാനുള്ള നടപടിയും സ്വീകരിക്കുന്നതാണ്. ചർച്ചയിലൂടെ കൃഷിക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, പെൻഷനും വിരമിക്കൽ ആനുകൂല്യങ്ങളും നൽകാൻ രൂപീകരിച്ച പെൻഷൻ മാസ്റ്റർ ട്രസ്റ്റിന്റെ കാര്യത്തിൽ ഉത്തരവാദിത്വമില്ലാതെ നടത്തിയ പ്രവർത്തനങ്ങളാണ് കെ.എസ്.ഇ.ബി.എൽ.-നെ പ്രതിസന്ധിയിലാക്കിയതെന്നത് ശരിയാണോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ശരിയല്ല.

ശ്രീ. യു. എ. ലത്തീഫ്: സർ, മലപ്പുറം ജില്ലയിലെ രൂക്ഷമായ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ പുതിയ സബ്സ്റ്റേഷനുകളും

ട്രാൻസ്ഫോർമറുകളും ഉൾക്കൊള്ളുന്ന ഒരു സ്പെഷ്യൽ പാക്കേജ് അനുവദിക്കാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, Revamped Distribution Sector Scheme (RDSS) വരുമ്പോൾ വോൾട്ടേജ് ക്ഷാമം പരിഹരിക്കാനുള്ള എല്ലാ നടപടിയും സ്വീകരിക്കുന്നതാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വൈദ്യുതി മേഖലയ്ക്കുള്ള കേന്ദ്ര സഹായം ലഭിക്കുന്നതിന് എന്തെങ്കിലും വ്യവസ്ഥകൾ നിലവിലുണ്ടോ; കെ.എസ്.ഇ.ബി.എൽ.-ന് കുടിശ്ശിക ഇനത്തിൽ ലഭിക്കാനുള്ള തുക പിരിച്ചെടുക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽവച്ച് ചില തീരുമാനങ്ങളെടുത്തിട്ടുണ്ട്. ഓരോ വകുപ്പും അവരുടെ കുടിശ്ശിക കൃത്യമായും സമയബന്ധിതമായും അടച്ച് തീർക്കണമെന്നുള്ള തീരുമാനമാണെടുത്തിട്ടുള്ളത്.

ശ്രീ. സണ്ണി ജോസഫ്: സർ, കർണ്ണാടകത്തിൽനിന്ന് കാസർഗോഡ്-കണ്ണൂർ വഴി വയനാട്ടിലേയ്ക്കുള്ള 400 KV ലൈനിലെ പവർ സ്ഥാപിക്കുന്ന സ്ഥലങ്ങൾ, ലൈൻ കടന്നുപോകുന്ന സ്ഥലങ്ങളിലെ ഭൂവുടമകൾക്ക്

ന്യായമായ മാർക്കറ്റ് വിലയുടെ അടിസ്ഥാനത്തിലുള്ള നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച് ജനപ്രതിനിധി ഉൾപ്പെടെ ആവശ്യപ്പെട്ടിട്ട് രണ്ട് വർഷം തികയുകയാണ്. പ്രസ്തുത വിഷയത്തിൽ ഇതുവരെയും പരിഹാരമുണ്ടായിട്ടില്ല. പട്ടണ പ്രദേശങ്ങളിലൂടെയും വീടുകൾ, കടകൾ എന്നിവ സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളിലൂടെയും ഇത് കടന്നുപോകുന്നു. ന്യായയുക്തമായ നഷ്ടപരിഹാരം നൽകി പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇതുസംബന്ധിച്ച് 15-ാം തീയതി ബന്ധപ്പെട്ട എം.എൽ.എ.മാരുടെയും ജനപ്രതിനിധികളുടെയും ഒരു യോഗം വിളിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ വിഷയം ചർച്ച ചെയ്ത് അവസാനിപ്പിക്കാവുന്നതാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, വൈദ്യുതി ബോർഡ് ഏറ്റവും വലിയ ധനപ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. വൈദ്യുതി ബോർഡിന്റെ രൂക്ഷമായ സാമ്പത്തിക ബാധ്യതയ്ക്ക് നിരവധി കാരണങ്ങളുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പുറത്തുനിന്നും വൈദ്യുതി വാങ്ങാനായി ഒരു യൂണിറ്റിന് 4.29 രൂപ നിരക്കിൽ

25 വർഷത്തേയ്ക്ക് വൈദ്യുതി വാങ്ങാനുള്ള ഒരു കരാറുണ്ടാക്കി. അതുപ്രകാരം ഈ ഗവൺമെന്റും വൈദ്യുതി വാങ്ങിക്കൊണ്ടിരുന്നു. എന്നാൽ 7-8 മാസം മുമ്പ് 4.29 രൂപ നിരക്കിൽ വാങ്ങിയിരുന്ന വൈദ്യുതി കരാർ അഴിമതിയാണെന്ന് പറഞ്ഞ് റദ്ദാക്കുകയും അതിനുശേഷം ഒരു യൂണിറ്റിന് എട്ട് രൂപയ്ക്കും ഒൻപത് രൂപയ്ക്കും വൈദ്യുതി വാങ്ങിക്കൊണ്ട് കഴിഞ്ഞ 6-7 മാസമായി പ്രതിദിനം 10 കോടിയോളം രൂപ നഷ്ടം വരുത്തുകയാണ്. യു.ഡി.എഫ്.-ന്റെ കാലത്ത് ലാഭത്തിലായിരുന്ന വൈദ്യുതി ബോർഡ് ഇപ്പോൾ ട്രാൻസ്ഗ്രിഡ്, പുരപ്പുറ സോളാർ അടക്കമുള്ള പദ്ധതികളിലൂടെ 7-8 വർഷം കൊണ്ട് ഏകദേശം നാൽപ്പതിനായിരം കോടി രൂപയിലധികം ബാധ്യത വരുത്തിയിരിക്കുകയാണ്. ഇത് പരിഹരിക്കാൻ എന്തുനടപടിയാണ് വൈദ്യുതി ബോർഡ് സ്വീകരിക്കുന്നത്?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, അങ്ങ് പറഞ്ഞത് മുഴുവൻ ശരിയല്ല. കെ.എസ്.ഇ.ബി.എൽ.-ൽ ദീർഘകാല വൈദ്യുതി കരാറുകൾക്ക് അംഗീകാരം നൽകണമെന്ന ബോർഡിന്റെ ആവശ്യം സംസ്ഥാന റെഗുലേറ്ററി കമ്മീഷനാണ് നിരസിച്ചത്. അഭ്യർത്ഥന മാനിച്ച് പുനഃപരിശോധിക്കുന്ന വൈദ്യുതി നിയമം 2003-ലെ സെക്ഷൻ 108

അനുസരിച്ച് റെഗുലേറ്ററി കമ്മീഷന് സർക്കാർ നിർദ്ദേശം നൽകുകയും ടി കരാറുകൾക്ക് 29-12-2001-ലെ ഉത്തരവുവഴി അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ആ പ്രശ്നം തീർത്തിട്ടുണ്ട്. എന്നാൽ തുടർന്ന് വൈദ്യുതി നൽകുന്ന കാര്യത്തിൽ കമ്പനികൾ വിമുഖത കാണിക്കുകയാണ്. വിതരണം പുനഃപരിശോധിക്കുന്നതിന് സർക്കാർ ഇടപെടലുകൾ നടത്തുകയാണ്. റഗുലേറ്ററി കമ്മിറ്റിയുടെ ഉത്തരവ് പാലിക്കാൻ വൈദ്യുതി കമ്പനികൾക്ക് വക്കീൽ മുഖാന്തരം നോട്ടീസും നൽകിയിട്ടുണ്ട്. (.......ബഹളം....) നിയമങ്ങൾ പാലിച്ചല്ല വൈദ്യുതി വാങ്ങിയതെന്നുപറഞ്ഞാണ് റഗുലേറ്ററി കമ്മീഷൻ അത് നിരസിച്ചത്. (.......ബഹളം....) നിയമപ്രകാരമല്ലേ കാര്യങ്ങൾ ചെയ്യാൻ സാധിക്കുകയുള്ളൂ? ദീർഘകാല വൈദ്യുതി കരാർപ്രകാരം വൈദ്യുതി ലഭിക്കുന്നതിന് വൈദ്യുതി കമ്പനികളുമായി ചർച്ച നടത്താൻ അഡീഷണൽ ചീഫ് സെക്രട്ടറി, സി.എം.ഡി., കെ.എസ്.സി.ബി.എൽ. എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇപ്പോഴുള്ള കുടിശ്ശിക ലഭിച്ചുകഴിഞ്ഞാൽ പ്രസ്തുത പ്രശ്നം പരിഹരിക്കാൻ സാധിക്കുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞ രീതിയിൽ റെഗുലേറ്ററി കമ്മീഷൻ

ഇടപെട്ടതിനാലാണ് ആ കരാർ റദ്ദായത്. കരാറിന്റെ മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. കേരളത്തിലെ വൈദ്യുതി ആവശ്യവുമായി തട്ടിച്ചുനോക്കുമ്പോൾ, വൈദ്യുതി വാങ്ങൽ ഒഴിവാക്കാനാകാത്തതിനാലാണ് 2016-ൽ അധികാരത്തിൽ വന്ന എൽ.ഡി.എഫ്. സർക്കാർ ആ കരാറിന്റെ ഭാഗമായി തുടർന്നും വൈദ്യുതി വാങ്ങാൻ നടപടിയെടുത്തത്. എന്നാൽ അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുമുണ്ടായിരുന്നു. റഗുലേറ്ററി കമ്മീഷന്റെ അംഗീകാരം വാങ്ങിയിരുന്നില്ലെന്നുള്ള സാങ്കേതികത്വത്തിൽ റഗുലേറ്ററി കമ്മീഷൻ പിന്നീട് ഈ കരാർ റദ്ദുചെയ്യു നിലയാണുണ്ടായത്. അതുവന്നപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലുള്ള ഒരു പ്രതിസന്ധിയുണ്ടായി. കുറഞ്ഞ തുകയ്ക്ക് വൈദ്യുതി ലഭിക്കുന്ന അവസ്ഥയുണ്ടായില്ല. കൂടുതൽ തുക നൽകിയാൽ മാത്രമേ വൈദ്യുതി ലഭിക്കൂവെന്ന അവസ്ഥവന്നു. അങ്ങനെയൊരു സാഹചര്യം വന്നപ്പോൾ സംസ്ഥാന സർക്കാർ പ്രത്യേക അധികാരം ഉപയോഗിച്ചുകൊണ്ടുള്ള ഇടപെടൽ നടത്തി. അത് റഗുലേറ്ററി കമ്മീഷനും ഇപ്പോൾ അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ഇനി അതുമായി ബന്ധപ്പെട്ട സാങ്കേതിക

പ്രശ്നങ്ങൾ പരിഹരിച്ചുപോകുക മാത്രമേ വേണ്ടതുള്ളൂ. ആ കരാർ റദ്ദാക്കിയ നടപടി തുടർന്നും നടക്കാതിരിക്കുന്നതിനുള്ള ഇടപെടൽ സംസ്ഥാന സർക്കാർ നടത്തിക്കഴിഞ്ഞിട്ടുണ്ട്. ആ ഭാഗം റഗുലേറ്ററി കമ്മീഷനും അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

## നവസംരംഭകരെ സൃഷ്ടിക്കുന്നതിനായി കർമ്മപദ്ധതി

3 (*183) ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. വി. കെ. പ്രശാന്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവസംരംഭകരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ സ്കൂൾ, കോളേജ് തലങ്ങളിലായി പ്രത്യേക കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിന്റെ ഭാഗമായി മാർഗ്ഗനിർദ്ദേശങ്ങളും പരിശീലനങ്ങളും നൽകുന്നതിന് പദ്ധതിയുണ്ടോ;

(ബി) പ്രസ്തുത കർമ്മപദ്ധതി നടപ്പാക്കുന്നതിലൂടെ വ്യവസായ സംരംഭക മേഖലയിൽ എന്തെല്ലാം മാറ്റങ്ങൾ പ്രതീക്ഷിക്കുന്നുവെന്നും

യുവാക്കൾക്കിടയിൽ സംരംഭകത്വ സംസ്കാരം വളർത്തിയെടുക്കുന്നതിന് ഇത് എത്രത്തോളം സഹായകമാണെന്നും വിശദമാക്കാമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ,

(എ) എഞ്ചിനീയറിങ് കോളേജുകൾ, പോളിടെക്നിക്കുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും പ്രസ്തുത ക്ലബ്ബുകൾക്ക് സംരംഭകത്വ പരിശീലനം നൽകുന്നതിനും ജില്ലാ വ്യവസായ കേന്ദ്രം വഴി നിലവിൽ സംവിധാനമുണ്ട്. ബന്ധപ്പെട്ട വ്യവസായ വികസന ഓഫീസർമാർവഴി ക്ലബ്ബുകൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. സംസ്ഥാനത്ത് നിലവിൽ ഏകദേശം 850 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും അവയ്ക്ക് സംരംഭക വികസന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള സാമ്പത്തിക സഹായം ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നൽകിവരുന്നു. ഒരു സാമ്പത്തിക വർഷം 20,000/- രൂപയാണ് ഒരു ED ക്ലബ്ബിന് സാമ്പത്തിക സഹായമായി നൽകിവരുന്നത്. സംരംഭകത്വ വികസനവുമായി ബന്ധപ്പെട്ട

മാർഗ്ഗനിർദ്ദേശങ്ങളും പരിശീലനങ്ങളും നൽകുന്നതിനാണ് ഈ തുക വിനിയോഗിക്കുന്നത്.

കേരള സാങ്കേതിക സർവ്വകലാശാലയുമായി സംയോജിച്ച് സംരംഭകർക്ക് സാങ്കേതിക സഹായം നൽകുന്നതിനുള്ള പുതിയ ഒരു പദ്ധതി കഴിഞ്ഞ സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്നുണ്ട്. ഇതനുസരിച്ച് സംരംഭങ്ങളിലെ സാങ്കേതിക തലത്തിലും മാനേജ്മെന്റ് തലത്തിലും പരിഹരിക്കേണ്ട വിഷയങ്ങൾ കണ്ടെത്തി അവ സാങ്കേതിക സർവകലാശാല വഴി പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ് ആയി നൽകുകയും അവ പരിഹരിക്കുന്നതിനുള്ള നടപടി ഇന്റേൺഷിപ്പിന്റെ ഭാഗമായി സ്വീകരിക്കുന്നതുമാണ്. നവ സംരംഭകരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ മേഖലയിൽ കേരളമൊട്ടാകെ ക്യാമ്പസ് വ്യവസായ പാർക്കുകൾ സൃഷ്ടിക്കുവാനുള്ള ആശയം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) യുവാക്കൾക്കിടയിൽ സംരംഭക സംസ്കാരം വളർത്തിയെടുക്കുക എന്നുള്ളതാണ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ ക്ലബ്ബുകൾ എന്ന പദ്ധതി നടപ്പിലാക്കുന്നതിലൂടെ പ്രാഥമികമായി ലക്ഷ്യമിടുന്നത്. കൂടാതെ, ഈ പദ്ധതി വഴി സാങ്കേതികമായ പരിശീലനം ലഭിച്ചതും അതുപോലെ

അവസരങ്ങൾ തിരിച്ചറിയുകയും അവയിൽ പ്രവർത്തിക്കാനുള്ള അറിവും പ്രചോദനവും ഉള്ളവരുമായ സംരംഭകരെ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിടുന്നു. ED ക്ലബ്ബ് വഴി പരിശീലനം ലഭിക്കുന്ന യുവാക്കൾ അടുത്ത തലമുറയുടെ സംരംഭകരാകുമെന്നും പ്രതീക്ഷിക്കുന്നു. ഇത് സംസ്ഥാനത്തെ തൊഴിലില്ലായ്മയ്ക്ക് ആശ്വാസം നൽകുകയും സംസ്ഥാനത്തെ വ്യവസായ വികസനം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതാണ്.

ശ്രീ. കെ. പ്രേംകുമാർ: സർ, രാജ്യത്ത് പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടുകയോ സ്വകാര്യവത്കരിക്കുകയോ ചെയ്യുന്ന പൊതു അന്തരീക്ഷത്തിൽ കേരളത്തിൽ വ്യവസായ മേഖലയ്ക്ക് ഉണർവ്വും ഉന്മേഷവും നൽകി മുന്നോട്ടുപോകുന്ന വകുപ്പിനെയും മന്ത്രിയെയും പ്രത്യേകം അഭിനന്ദിക്കുകയാണ്. കേരളത്തിന്റെ നിലവിലെ സ്ഥിതി വിലയിരുത്തി പുതിയ വ്യവസായ നയത്തിൽ ഊന്നൽ നൽകിയ മേഖലകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, കേരളത്തിന്റെ പരിമിതിയും സാധ്യതകളും തിരിച്ചറിഞ്ഞുകൊണ്ടാണ് പ്രയോറിറ്റി മേഖലകൾ നിശ്ചയിച്ചിട്ടുള്ളത്. രാജ്യത്തിന്റെ 1.2 ശതമാനം മാത്രം ഭൂമിയാണ് നമുക്കുള്ളത്. അതിൽ

ഒരുഭാഗം പശ്ചിമഘട്ടവും മറുഭാഗം CRZ റെഗുലേഷനും പിന്നെ തണ്ണീർത്തട നിയമത്തിനും ബാധകമായ ഭാഗവുമുണ്ട്. ഇന്ത്യയുടെ 46 ശതമാനം പ്ലാന്റേഷനും കേരളത്തിലാണ്. 30 ശതമാനം വനഭൂമി കേരളത്തിനകത്തുണ്ട്. ഇതിനകത്തുനിന്നുകൊണ്ട് നമുക്ക് എന്തുമാത്രം സാധ്യമാകുമെന്നും അതോടൊപ്പം നമ്മുടെ ഏറ്റവും വലിയ പൊട്ടൻഷ്യൽ ഹൈലി സ്കിൽഡായ ഹ്യൂമൻ റിസോഴ്സസാണ്, ഇതുവച്ച് 22 പ്രയോറിറ്റി ഏരിയകൾ വ്യവസായനയം ആവിഷ്കരിച്ചിട്ടുണ്ട്. അത് വ്യവസായനയത്തിനകത്ത് വിശദീകരിച്ചിട്ടുമുണ്ട്. ഇപ്പോൾ തിരുവനന്തപുരത്ത് വലിയൊരു എക്കോ സിസ്റ്റമുള്ളതിനാൽ അതുവച്ച് എയ്റോസ്പേസ് ഡിഫൻസ് കൂടാതെ, ആർട്ടിഫിഷ്യൽ  ഇന്റലിജൻസ്, റോബോട്ടിക്സ്, മെഷീൻ ലേണിംഗ്, ബിഗ് ഡാറ്റാ അനാലിസിസ് പോലുള്ള പുതിയ ടെക്നോളജി അടിസ്ഥാനപ്പെടുത്തിയ വ്യവസായങ്ങൾ, ആയുർവ്വേദം, ബയോടെക്നോളജി ആൻഡ് ലൈഫ് സയൻസ്, രൂപകൽപ്പന, ഇ.വി. (ഇലക്ട്രിക് വാഹനങ്ങൾ), ഇലക്ട്രോണിക്സ് സിസ്റ്റം ഡിസൈനും പ്രൊഡക്ഷനും എഞ്ചിനീയറിംഗ് ഗവേഷണവും വികസനവും ഫുഡ് പ്രോസസ്സിംഗ്, ഗ്രഫീൻ, റബ്ബറധിഷ്ഠിത മൂല്യവർദ്ധിത ഉല്പന്നങ്ങൾ, ഹൈടെക് ഫാമിംഗ്, മൂല്യവർദ്ധിത തോട്ടവിള, ലോജിസ്റ്റിക്സ്

ആൻഡ് പാക്കേജിംഗ്, മാരിടൈം മേഖല, മെഡിക്കൽ ഉപകരണങ്ങൾ, നാനോ ടെക്നോളജി, ഫാർമസ്യൂട്ടിക്കൽസ്, റീസൈക്ലിംഗ് ആൻഡ് വേസ്റ്റ് മാനേജ്മെന്റ്, പുനരുപയോഗ ഊർജ്ജം, ചില്ലറ വ്യാപാര മേഖല, വിനോദ സഞ്ചാരവും ആതിഥേയത്വവും, 3-ഡി പ്രിന്റിംഗ് എന്നിവയാണ് 22 പ്രയോറിറ്റി മേഖലകൾ.

ശ്രീ. കെ. പ്രേംകുമാർ: സർ, സർക്കാർ സംസ്ഥാനത്ത് വ്യവസായ സൗഹൃദാന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തിയതിന്റെ ഫലമായി കേരളത്തിലേയ്ക്ക് കൂടുതൽ വ്യവസായങ്ങൾ ആകർഷിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, നമ്മുടെ സാധ്യതയിൽ പ്രധാനപ്പെട്ട മേഖലയായി MSME-കളെയാണ് കാണുന്നത്. അതിന്റെ ഭാഗമായാണ് കഴിഞ്ഞ സാമ്പത്തികവർഷം Year of Enterprises ആരംഭിച്ചത്. Year of Enterprises 2.0 എന്ന രീതിയിൽ മുന്നോട്ടുപോകുകയാണ്. അതിന്റെ ഭാഗമായി 2022 ഏപ്രിൽ 1 മുതൽ 2024 ജനുവരി 23 വരെ 216435 സംരംഭങ്ങൾ കേരളത്തിൽ ആരംഭിച്ചു. ഇതുവഴി 13,599 കോടി രൂപയുടെ നിക്ഷേപവും 460633 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

രാജ്യാന്തര തലത്തിലുള്ള MSME Export Promotion Council-ന്റെ പഠന പ്രകാരം കഴിഞ്ഞ 2018 മുതൽ 2021 വരെയുള്ള മൂന്നുവർഷത്തിനുള്ളിൽ കേരളത്തിൽ 91,000 കോടി രൂപ MSME മേഖലയിൽ നിക്ഷേപമുണ്ടായിട്ടുണ്ടെന്നാണ് പറയുന്നത്. കേരളത്തിന്റെ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി ഡിസംബർ 31 വരെയുള്ള കണക്കുകൾ ജനുവരിയിൽ പ്രസിദ്ധപ്പെടുത്തിയതിൽ, ആ സാമ്പത്തിക വർഷം മൂന്നുമാസം കൂടി ബാക്കിയുള്ളപ്പോൾ കേരളത്തിലെ MSME-കൾക്കുവേണ്ടിമാത്രം 81,000 കോടി രൂപ വായ്പ നൽകിയതായാണ് MSME-കളെക്കുറിച്ച് പറയുന്നത്. ഗവൺമെന്റ് കണക്ക് ഇതാണെങ്കിൽ ഇതിനേക്കാൾ അപ്പുറത്ത് MSME-യിൽ നിക്ഷേപം വന്നുവെന്നതാണ് രാജ്യാന്തര തലത്തിലുള്ള Export Promotion Council-ഉം ബാങ്കേഴ്സ് കമ്മിറ്റിയും പറയുന്നത്. ഇതുകൂടാതെ വളരെ പ്രധാനപ്പെട്ട സ്ഥാപനമായ IBM കൊച്ചിയിൽ പ്രവർത്തനമാരംഭിച്ചു. മാത്രമല്ല, കഴിഞ്ഞദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി തിരുവനന്തപുരത്തും കൊച്ചിയിലും IBS-ന്റെ ക്യാമ്പസ് ഉദ്ഘാടനം ചെയ്തു. ടാറ്റാ എലക്സി-യുടെ 60 ശതമാനത്തോളം എംപ്ലോയീസും ഇവിടെ നിന്ന് എന്ന രൂപത്തിൽ വികസനം നൽകിയിട്ടുണ്ട്. 36 ഏക്കറിൽ TCS-ന്റെ പ്രവർത്തനം

കൊച്ചിയിൽ നടന്നുകൊണ്ടിരിക്കുന്നു. ടോറസിന്റെ ഉദ്ഘാടനം കഴിഞ്ഞദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി തിരുവനന്തപുരത്ത് നിർവ്വഹിച്ചു. അടുത്ത ഹൈടെക്ക് പാർക്കിനെക്കുറിച്ച്, മുൻവ്യവസായ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിനും അറിയാവുന്ന കാര്യമാണ്, കളമശ്ശേരിയിൽ ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് പ്രധാനപ്പെട്ട ഒരു സ്ഥാപനമായി മാറി. നേരത്തെ ലോജിസ്റ്റിക്സിലായിരുന്ന ലുലു ഇപ്പോൾ ബാക്ക്‌വേർഡ് മേഖലയിലേയ്ക്ക് വരികയും പ്രൊഡക്ഷനുമായി ബന്ധപ്പെട്ട പുതിയ സെന്റർ ആരംഭിക്കുകയും ചെയ്തു. ചോയ്സിന്റെ പുതിയ ഫുഡ് പ്രോസസിംഗ് ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഇന്റർനാഷണലായ ഡി സ്പേസ്, സഫ്രാൻ പോലുള്ള നിരവധി പുതിയ സ്ഥാപനങ്ങൾ നമ്മുടെ നാട്ടിലേയ്ക്ക് വന്നിട്ടുണ്ട്. വാക്സിൻ മേഖലയിൽ പ്രധാനമായും കേന്ദ്രീകരിച്ചിരുന്ന ബാംഗ്ലൂരിലെ കമ്പനിയാണ് RCC Nutra Fill Pvt. Ltd. ബഹുമാനപ്പെട്ട അംഗം ശ്രീ. റോജി എം. ജോണിന്റെ മണ്ഡലമായ അങ്കമാലിയിലെ KSIDC-യുടെ പാർക്കിൽ അവരുടെ ഏറ്റവും അത്യാധുനിക ടെക്നോളജി ഉപയോഗിച്ചുകൊണ്ടുള്ള പുതിയ ഫുഡ് പ്രോസസിംഗ്

ആരംഭിച്ചിട്ടുണ്ട്. ഇപ്രകാരമാണ് പുതിയ വ്യവസായ സംരംഭങ്ങൾ കേരളത്തിലേയ്ക്ക് വന്നിട്ടുള്ളത്.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, സമീപകാലത്ത് നടപ്പാക്കിയ ലാൻഡ് ലീസ് പോളിസി വ്യവസ്ഥകളിലെ മാറ്റങ്ങളിലൂടെ വ്യവസായ മേഖലയുടെ വളർച്ചയ്ക്ക് ഏതുതരത്തിലുള്ള മാറ്റങ്ങളാണ് സർക്കാർ പ്രതീക്ഷിക്കുന്നത്?

ശ്രീ. പി. രാജീവ്: സർ, ഏറെക്കാലത്തെ ആവശ്യമാണ് ഇതുവഴി നമുക്ക് സാധ്യമാക്കാൻ കഴിഞ്ഞത്. ബഹുമാനപ്പെട്ട പ്രതിപക്ഷത്തിലെ നിരവധി അംഗങ്ങൾ ഉൾപ്പെടെ ഈ പ്രശ്നം പലപ്പോഴും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. എല്ലാ സംഘടനകളും ആവശ്യപ്പെട്ടിട്ടുള്ളതാണ്. അറുപതുകൾ മുതലുള്ളതാണ്. പട്ടയം, ഹയർ പർച്ചേസ്, ലീസ് എന്നിങ്ങനെ പലരീതിയിലാണ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ ലാൻഡ് നൽകിയിരുന്നത്. ഇതിനെല്ലാമൊരു ഏകരൂപം നൽകി. വ്യവസായ വകുപ്പ് ഓർഡർ ഇറക്കും എന്നാൽ ഭൂമിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത് റവന്യൂ വകുപ്പ് ആയതുകൊണ്ട് അവർ അംഗീകരിക്കാത്തതിനാൽ പലതരത്തിലുമുള്ള പ്രശ്നങ്ങളും നിലനിന്നിരുന്നു. ഇപ്പോൾ വ്യവസായ വകുപ്പും

റവന്യൂ വകുപ്പും ഒന്നിച്ച് ചർച്ച ചെയ്തു, നവകേരള സദസ്സിന്റെ യാത്ര ഞങ്ങൾക്ക് കൂടുതൽ സഹായകരമായി, ആ ചർച്ച നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോയി. അങ്ങനെ ആ മന്ത്രിസഭാ യോഗത്തിൽവച്ചുതന്നെ അതിൽ തീരുമാനമുണ്ടായി. ആ ചട്ടങ്ങൾ ഭേദഗതി ചെയ്തു. ഇപ്പോൾ ഒരു ഉടമസ്ഥത കൈമാറ്റം ചെയ്യണമെങ്കിൽ 25,000/- രൂപ അടച്ചുകഴിഞ്ഞാൽ ഉടമസ്ഥത കൈമാറ്റം ചെയ്യാൻ കഴിയും. നേരത്തേ അത് വളരെ സങ്കീർണ്ണമായ പ്രക്രിയയായിരുന്നു. പേന നിർമ്മിക്കുന്ന കമ്പനിക്ക് അനുമതി വാങ്ങി അത് പെൻസിലുണ്ടാക്കുന്ന കമ്പനിയായി മാറ്റണമെങ്കിൽപ്പോലും വർഷങ്ങൾ സമയമെടുക്കുമായിരുന്നു. ഇപ്പോൾ അത് വളരെ സിംപ്ലിഫൈ ചെയ്തു. 10,000/- രൂപ അടച്ചുകഴിഞ്ഞാൽ ആക്ടിവിറ്റി ചെയിഞ്ച് ചെയ്യാമെന്ന വ്യവസ്ഥ വന്നിട്ടുണ്ട്. കൂടാതെ ഒരാൾ മരണപ്പെട്ടുകഴിഞ്ഞാൽ അവരുടെ അനന്തരാവകാശികൾക്ക് നൽകുന്നതും കുറച്ച് സങ്കീർണ്ണമായിരുന്നു. അതിലും മാറ്റം വന്നിട്ടുണ്ട്. 51 ശതമാനത്തിനപ്പുറം ഓഹരികൾ മാറുമ്പോഴുണ്ടാകുന്ന പ്രശ്നവും സിംപ്ലിഫൈ ചെയ്തു കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ വ്യവസായ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള വ്യവസായ എസ്റ്റേറ്റുകളിലെ ഭൂമി വ്യവസായ

ആവശ്യങ്ങൾക്ക് പൂർണ്ണമായും വിനിയോഗിക്കാൻ കഴിയാവുന്ന രൂപത്തിലുള്ള മാറ്റമാണ് ഇതിൽ വന്നിട്ടുള്ളത്. പൊതുവെ സംരംഭക സമൂഹം നല്ല രീതിയിൽ അതിനെ അംഗീകരിച്ചിട്ടുണ്ട്. ചിലത് ലീസ് ആയിരുന്നു. അതും ഇതിലേയ്ക്ക് മാറാൻ അവസരം നൽകിയിട്ടുണ്ട്. മാറുമ്പോൾ എന്നാണോ ലീസ് നൽകിയിരിക്കുന്നത് അന്നുമുതൽ ആപ്ലിക്കബിളാകുന്ന രൂപത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്. ഭാവിയിൽ പട്ടയം കൊടുക്കുമ്പോൾ ഇൻഡസ്ട്രിയൽ പർപ്പസ് എന്നുമാത്രമേ പട്ടയത്തിനകത്ത് രേഖപ്പെടുത്തേണ്ടതുള്ളൂ എന്നാണ് കാണുന്നത്. ഇപ്പോൾ ഓരോ ആക്ടിവിറ്റിയും രേഖപ്പെടുത്തുന്നതുകൊണ്ടാണ് അത് മാറുമ്പോൾ പട്ടയത്തിനകത്ത് വീണ്ടും മാറ്റം വരുത്തേണ്ടിവരുന്നത്. ഇൻഡസ്ട്രിയൽ ആക്ടിവിറ്റിയെന്ന് രേഖപ്പെടുത്തിയാൽ ഏത് ഇൻഡസ്ട്രിയൽ ആക്ടിവിറ്റിയാണോ ആ പട്ടയം നൽകിയ ഭൂമി നിൽക്കുന്ന സ്ഥലത്ത് അനുവദനീയമായിട്ടുള്ളത് ആ വ്യവസായം സുഗമമായി നടത്താൻ സാധിക്കും. പൊതുവെ വ്യവസായ സമൂഹം നല്ല രീതിയിലാണിത് സ്വീകരിച്ചിരിക്കുന്നത്. നല്ല മാറ്റമുണ്ടാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. എം. എസ്. അരുൺ കുമാർ:സർ, പ്ലാന്റേഷൻ ഡയറക്ടറേറ്റ് സ്ഥാപിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചതുവഴി ഈ മേഖലയിൽ നേടിയെടുത്ത നേട്ടങ്ങൾ വിശദമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, പ്ലാന്റേഷൻ നേരത്തേ തൊഴിൽ വകുപ്പിന്റെ കീഴിലായിരുന്നു. ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷന്റെ ശിപാർശ പ്രകാരം ഈ ഗവൺമെന്റിന്റെ തുടക്കത്തിൽ അത് വ്യവസായ വകുപ്പിന്റെ കീഴിലേയ്ക്ക് കൊണ്ടുവന്നു. വളരെ ഗൗരവമായ പ്രശ്നങ്ങളാണ് പ്ലാന്റേഷൻ രംഗം നേരിടുന്നത്. ആ പ്രതിസന്ധി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഇപ്പോൾ കാലിക്കറ്റ് IIM-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അവർ എല്ലാ പ്രധാനപ്പെട്ട പ്ലാന്റേഷനുകളും സന്ദർശിച്ച് ആ പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്. നിലവിലുള്ള വിളകളിൽനിന്നും വ്യത്യസ്തമായി മറ്റ് വിളകൾകൂടി പ്ലാന്റേഷന്റെ നിർവ്വചനത്തിനകത്ത് ഉൾപ്പെടുത്തണമെന്ന് ആവശ്യം പ്ലാന്റേഷൻ ഡയറക്ടറേറ്റിൽനിന്നും വന്നിട്ടുണ്ട്. നിലവിലുള്ള വിളകളായ കൊക്കോ, റബ്ബർ, തേയില, ഏലം, കാപ്പി എന്നിവയ്ക്ക് പുറമെ കേരളത്തിന്റേതായ വിളകളും അതോടൊപ്പം റംബൂട്ടാൻ, മാംഗോസ്റ്റീൻ പോലുള്ള പഴവർഗ്ഗങ്ങളും ഉൾപ്പെടുത്തണമെന്ന അഭിപ്രായം പ്ലാന്റേഷൻ ഡയറക്ടറേറ്റിൽനിന്നും

വന്നിട്ടുണ്ട്. അത് കൃഷിവകുപ്പും എല്ലാവരും കൂടി ആലോചിച്ച് സമവായത്തോടുകൂടി നടപ്പിലാക്കേണ്ടതാണ്. IIM-ന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ബാക്കി നടപടികൾ സ്വീകരിക്കും. ലയങ്ങൾ ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. തൊഴിൽ വകുപ്പുമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും യോഗം ചേർന്നിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പ്ലാന്റേഷന്റെ കൗൺസിൽ പ്രത്യേകം യോഗം ചേരുകയുണ്ടായി. വിവിധ വകുപ്പുമന്ത്രിമാരും ട്രേഡ് യൂണിയൻ നേതാക്കളും അതിൽ പങ്കെടുത്തു. ലയം പുനരുദ്ധരിക്കുന്നതിന് കഴിഞ്ഞ രണ്ട് ബഡ്ജറ്റുകളിലായി 10 കോടി രൂപ വീതം വകയിരുത്തിയിട്ടുണ്ട്. അതുവച്ച് ഒരു interest subvention സ്കീം പ്ലാന്റേഴ്സുതന്നെ ലയങ്ങൾ പുനരുദ്ധരിക്കുകയും അവർ വായ്പ എടുക്കുമ്പോൾ ഗവൺമെന്റ് അതിന്റെ interest ബെയർ ചെയ്യുന്ന രൂപത്തിലൊരു സ്കീം പ്ലാന്റേഷൻ ഡയറക്ടറേറ്റ് ആവിഷ്കരിക്കുന്നുണ്ട്. അപ്രകാരം മാറ്റങ്ങൾ വരുത്താൻ കഴിയുമെന്നാണ് കാണുന്നത്. പിന്നെ നിലവിൽ നിയമപ്രകാരം 5 ശതമാനം പ്ലാന്റേഷൻ ഭൂമി മെഡിസിനൽ പ്ലാന്റ്, വാനില, ഫോർട്ടികൾച്ചർ, tourism connected and other activities എന്നിവയ്ക്ക് ഉപയോഗിക്കാൻ വേണ്ടിയുള്ള നിയമം നേരത്തേതന്നെ ഭേദഗതി ചെയ്യുകയും രാഷ്ട്രപതിയുടെ

അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. 5 ശതമാനം വിനിയോഗിക്കുന്നില്ല. അതിന് പല തടസ്സങ്ങളും വരുന്നു. അത് വിനിയോഗിക്കുന്നതിനുള്ള ലൈസെൻസ് നൽകുന്നതിന് ഒരു സിംഗിൾ വിൻഡോ ക്ലിയറൻസ് സംവിധാനം പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ കീഴിൽ ആരംഭിക്കുന്നതിനും ആലോചനയുണ്ട്. പ്ലാന്റേഷൻ വലിയ സാധ്യതയുള്ള മേഖലയായാണ് സർക്കാർ കാണുന്നത്.

ശ്രീ. വി. കെ. പ്രശാന്ത്: സർ, വ്യവസായ മേഖല നവീനരംഗങ്ങളിലേയ്ക്ക് കടക്കുന്നത് അങ്ങേയറ്റം സ്വാഗതാർഹമായ കാര്യമാണ്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വ്യവസായ നയത്തിലുൾപ്പെടുത്തിയിട്ടുണ്ട്. ഈ മേഖലയിൽ കൂടുതൽ നിക്ഷേപം ആകർഷിക്കാൻ സർക്കാർ നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ; ഈ മേഖലയിൽ തൊഴിലെടുക്കുന്നവരുടെ ഒരു സംഗമം വിളിച്ചുകൂട്ടാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്നുകൂടി വ്യക്തമാക്കുമോ?

ശ്രീ. പി. രാജീവ്: സർ, നമ്മുടെ ഏറ്റവും വലിയ കരുത്ത് ഹൈലി സ്കിൽഡായിട്ടുള്ള ഹ്യൂമൻ റിസോഴ്സസാണ്. IBM കൊച്ചിയിൽ ആരംഭിച്ചപ്പോൾ ആദ്യവർഷം 100 പേരെ എടുക്കുമെന്നാണ്

പറഞ്ഞതെങ്കിലും ആദ്യ വർഷം പൂർത്തീകരിക്കുമ്പോൾത്തന്നെ 2400 പേരെ അവർ റിക്രൂട്ട് ചെയ്തുകഴിഞ്ഞു. എങ്ങനെ നിങ്ങൾക്ക് ഇത് സാധ്യമായിയെന്ന് ചോദിച്ചപ്പോൾ ഇത്രയും വൈദഗ്ദ്ധ്യമുള്ള ഹ്യൂമൻ റിസോഴ്സസ് വേറെ ഒരിടത്തുനിന്നും ലഭിച്ചിട്ടില്ലെന്നാണ് അവർ പറഞ്ഞത്. Fast growing center of IBM in the world എന്നാണ് IBM-ന്റെ സീനിയർ വൈസ് പ്രസിഡന്റ് പറഞ്ഞത്. അതിനുകാരണം ഒരു വർഷത്തിനുള്ളിൽ രണ്ട് പ്രോഡക്റ്റുകൾ കേരളത്തിൽനിന്നുള്ള ആളുകൾ വികസിപ്പിച്ചെടുക്കുകയും അത് ലോകോത്തര വിപണിയിലേയ്ക്ക് വരികയുമുണ്ടായിയെന്നതുമാണ്. ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട എയർ ലൈനായ ഡൽറ്റ എയർലൈൻസ് ഉപയോഗിക്കുന്നത് ഈ പ്രോഡക്റ്റാണ്. ഫെയിസ്ബുക്കിന്റെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ടൂളിൽ അഞ്ച് ആളുകളെ തെരഞ്ഞെടുത്തതിൽ ഒരാൾ കൊച്ചി സെന്ററിൽനിന്നുള്ള വ്യക്തിയാണ്. അത് നമ്മുടെ ഹൈലി സ്കില്‍ഡായുള്ള ഹ്യൂമൻ റിസോഴ്സസാണ് കാണിക്കുന്നത്. Reverse migration is happening എന്ന് പറയുകയുണ്ടായി. കേരളത്തിന് പുറത്തും ഇന്ത്യയ്ക്ക് പുറത്തും ജോലി ചെയ്തിരുന്ന 200 ഓളം ആളുകൾ ഉൾപ്പെടെ തിരിച്ച് കേരളത്തിലേയ്ക്ക് വരുന്നുവെന്നതാണ്. 3000 ആളുകൾ IBM-ൽ ജോലി

ചെയ്യുന്നവെന്ന് പറയുമ്പോൾ ഒരു വർഷം ഒരാൾക്ക് ശരാശരി 20 ലക്ഷം രൂപയാണ് വരുമാനം. 600 കോടി രൂപ ശമ്പളം 3000 ആളുകൾക്ക് ഒരു വർഷത്തേയ്ക്ക് കേരളത്തിൽ ലഭിക്കുന്നുണ്ട്. 3000 ആളുകൾ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പോലെയുള്ള ഒരു കമ്പനിയിൽ ജോലി ചെയ്യുമ്പോൾ ഇൻഡയറക്ടായിട്ടുള്ള എംപ്ലോയിമെന്റ് ജനറേഷനെന്ന് പറയുന്നത് ഒരാൾക്ക് അഞ്ചോ ആറോ ആയിരിക്കും. ഒരു ഗാർമെന്റ്സ് കമ്പനിയിൽ 10000 ആളുകൾ ജോലി ചെയ്യുകയാണെങ്കിൽ അതിൽ 90 ശതമാനവും കുടിയേറ്റ തൊഴിലാളികളായിരിക്കും. 10 ശതമാനം മാത്രമേ കേരളത്തിൽനിന്നുണ്ടാകുകയുള്ളൂ. 10,000 രൂപ ശരാശരി ശമ്പളമെന്ന് പറഞ്ഞാൽ 120 കോടി രൂപയാണ് ഒരു വർഷം. അതിൽ പാരിസ്ഥിതികമായ ആഘാതം മറ്റ് പ്രശ്നങ്ങളുമൊക്കെയുണ്ട്. നമുക്ക് യോജിക്കുന്നത് ഇത്തരം മേഖലകളാണ്. റോബോർട്ടിക്സ് മേഖല, കോഴിക്കോട് മാൻ ഹോളിൽ കുടുങ്ങി നൗഷാദും രണ്ട് അതിഥി തൊഴിലാളികളും മരണപ്പെട്ടപ്പോൾ നാല് കുട്ടികൾ വികസിപ്പിച്ചെടുത്ത റോബോർട്ടിനെ നമ്മൾ എല്ലാവരും അംഗീകരിച്ചതാണ്. ആ റോബോർട്ടിനെ വികസിപ്പിച്ചെടുത്ത കിൻഫ്രാ പാർക്കിലെ ചെറിയ സ്റ്റാർട്ടപ്പ് ഇന്ന് ചുരുങ്ങിയ

കാലംകൊണ്ട് 400 ആളുകളെ വച്ച് റോബോർട്ട് നിർമ്മിക്കുന്ന കമ്പനിയായി വികസിച്ചു. കഴിഞ്ഞ ദിവസം പാലക്കാട് 300 ആളുകൾക്ക് ജോലി ചെയ്യാവുന്ന പുതിയ സ്ഥാപനത്തിന്റെ ശിലാസ്ഥാപനവും നടത്തി. AI-യും റോബോർട്ടിക്സും ഇങ്ങനെയുള്ള മേഖലകളിൽ ഇന്റർനാഷണൽ തലത്തിലുള്ള കൂടുതൽ ആളുകളെ ആകർഷിക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നുണ്ട്. IBM-മായി ചേർന്ന് ജൂലൈയിൽ ഇന്റർനാഷണൽ എ.ഐ. കോൺക്ലേവ് കൊച്ചിയിൽ സംഘടിപ്പിക്കുന്നുണ്ട്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ സൂചിപ്പിച്ചതുപോലെ റോബോർട്ടിക്സിൽ ഒരു ഇന്റർനാഷണൽ റൗണ്ട് ടെബിൾ ആഗസ്റ്റ് മാസത്തിൽ സംഘടിപ്പിക്കാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവന്ന ചകിരി സൊസൈറ്റി ഉൾപ്പെടെയുള്ള ചെറുകിട വ്യവസായ സംരംഭങ്ങൾ പല കാരണങ്ങൾകൊണ്ടും പല കാലഘട്ടങ്ങളിലായി പൂട്ടേണ്ടിവന്നിട്ടുണ്ട്. ഇവയൊക്കെ പുനരുജ്ജീവിപ്പിക്കാനുള്ള നടപടിയെക്കുറിച്ച് പറയുന്നുണ്ടെങ്കിലും അത് ഫലപ്രദമാകുന്നില്ല.

ഇത്തരത്തിലുള്ള സംഘങ്ങളെ ഐഡന്റിഫൈ ചെയ്ത് അവിടെ നവസംരംഭങ്ങൾ ആരംഭിക്കാനുള്ള പ്രത്യേക പദ്ധതി തയ്യാറാക്കുമോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചത് വളരെ പ്രസക്തമായ ഒരു കാര്യമാണ്. പരമ്പരാഗത വ്യവസായ മേഖലയിൽ ചില ഗൗരവമായ പ്രതിസന്ധികൾ അഭിമുഖീകരിക്കുന്നുണ്ട്. അത് മറികടക്കാൻ അദ്ദേഹം നിർദ്ദേശിച്ചതുപോലെ അത് മാറ്റി പുതിയ സംരംഭങ്ങളിലേയ്ക്ക് പോകാൻ സർക്കാർ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. പകരം ഇതിനെ എങ്ങനെ ആധുനിക കാലത്തിനനുസരിച്ച് പുതുക്കിപ്പണിയാൻ സാധിക്കുമെന്നതാണ്. അതിനുവേണ്ടിയാണ് ഇപ്പോൾ എല്ലാ സ്റ്റേക്ക് ഹോൾഡേഴ്സുമായി ചർച്ച ചെയ്ത് ഒരു വിദഗ്ദ്ധ സമിതിയെവയ്ക്കുകയും അവരുടെ ഇടക്കാല റിപ്പോർട്ട് ലഭ്യമാക്കുകയും ആ റിപ്പോർട്ടിനെ ആധാരമാക്കിയുള്ള നടപടി ആരംഭിക്കുകയും ചെയ്തത്. അതിനുവേണ്ടി സൊസൈറ്റികളിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട 50 മാസ്റ്റർ ഡിസൈനർമാർക്ക് ശമ്പളത്തോടുകൂടിയുള്ള പ്രത്യേകമായ പരിശീലനം നൽകിയിട്ടുണ്ട്. ഈ മാസ്റ്റർ പരിശീലകർ സൊസൈറ്റികളിൽ പോയി പുതിയ ഡിസൈനുകൾ തയ്യാറാക്കും. നമ്മുടെ ഇനിഷ്യലായുള്ള ഉൽപ്പന്നങ്ങൾക്ക് നല്ല രീതിയിലുള്ള വിപണിയുണ്ട്.

ഇപ്പോൾ ലിയോണൽ മെസ്സി ചവിട്ടിയിറങ്ങിയത് കേരളത്തിൽനിന്നുള്ള കാർപ്പെറ്റിലാണ്. അതോടൊപ്പം ഇന്റർനാഷണൽ ഡിസൈൻ മത്സരത്തിൽ സമ്മാനം ലഭിച്ചതും കേരളത്തിൽനിന്നുള്ള കയർ വകുപ്പിലെ ഡിസൈനിനാണ്. അഭിരുചികൾക്ക് അനുസരിച്ച് പുതിയ ഡിസൈനുകൾ ഉൽപ്പാദിപ്പിക്കുവാനുള്ള പ്രവർത്തനങ്ങളിലാണ് സർക്കാർ കേന്ദ്രീകരിക്കുന്നത്. ആ മേഖല മെച്ചപ്പെടുത്തി മുന്നോട്ട് കൊണ്ടുപോകുവാനുള്ള നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്.

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: സർ, എന്റെ നിയോജകമണ്ഡലത്തിലെ തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ കഴിഞ്ഞ ഒരു വർഷമായി ലേ ഓഫിലാണ്. ബഡ്ജറ്റിൽ അനുവദിച്ച 125 ലക്ഷം രൂപ ഉൾപ്പെടെ അഞ്ച് കോടി രൂപ അനുവദിച്ച് മുൻ ബാദ്ധ്യതകൾ തീർത്ത് കമ്പനി പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, സ്പിന്നിംഗ് മേഖല രാജ്യ വ്യാപകമായി വലിയ പ്രതിസന്ധിയിലാണ്. ഇരിക്കൂർ മേഖല പോലും പ്രതിസന്ധിയിലാണ്. പലയിടങ്ങളിലും അടച്ചുപൂട്ടലിലേയ്ക്ക് പോയിരിക്കുകയാണ്. ദേശീയ തലത്തിലുള്ള എല്ലാ നാഷണൽ ടെക്സ്റ്റൈയിൽ കോർപ്പറേഷന്റെ കീഴിലുള്ള

എല്ലാ കമ്പനികളും അടച്ചുപൂട്ടലിലാണ്. കേരളത്തിൽ അവരുടെ ഒരു കമ്പനി പോലും പ്രവർത്തിക്കുന്നില്ല. അതിന് പ്രധാനപ്പെട്ട കാരണം കോട്ടണിന്റെ വില വലിയ തോതിൽ കൂടുകയും നൂലിന്റെ വില കുറയുകയും ചെയ്യുന്നുവെന്നതാണ്. നമ്മൾ എത്ര ഉൽപ്പാദനം നടത്തുന്നുവോ അതിനനുസരിച്ച് നഷ്ടം കൂടുന്നതായാണ് കാണുന്നത്. എന്നാൽ ഒരു സാദ്ധ്യത ഞങ്ങൾ കാണുന്നത് കോട്ടൺ സീസണിൽ വാങ്ങാൻ സാധിച്ചാൽ വില കുറഞ്ഞ ക്വാളിറ്റിയുള്ള കോട്ടൺ സംഭരിക്കാൻ സാധിക്കും. അങ്ങനെ സംഭരിക്കാൻ സാധിച്ചാൽ ഉൽപ്പാദന ചെലവിൽ റോമെറ്റീരിയലിന്റെ വില കുറയ്ക്കാൻ സാധിക്കും. അതിന് സാധിക്കണമെങ്കിൽ ദീർഘകാലമായി ആവശ്യപ്പെടുന്ന കോട്ടൺ ബാങ്ക് രൂപീകരിക്കണമെന്ന ആവശ്യം ഇപ്പോൾ യാഥാർത്ഥ്യമാക്കിയിട്ടുണ്ട്. കോട്ടൺ ബാങ്കിന് 70 കോടി രൂപയുടെ വായ്പ ലഭ്യമാകുന്ന നടപടി അവസാന ഘട്ടത്തിലാണ്. ഇപ്പോഴത്തെ ബോറോവിംഗ് ലിമിറ്റ് 293-ൽ ഇതെല്ലാം ഉൾപ്പെടുത്തുന്നതിന് ചില പരിമിതികളുണ്ടെങ്കിൽപ്പോലും ധനകാര്യവകുപ്പിന്റെ ഗ്യാരന്റി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഈ വായ്പ ലഭിച്ചാൽ നമുക്ക് കൃത്യമായി വാങ്ങാൻ സാധിക്കും. അല്ലെങ്കിൽ കോട്ടൺ വാങ്ങാനുള്ള തുക ധനകാര്യവകുപ്പ്

അനുവദിച്ച് വരുമ്പോഴെല്ലാം കോട്ടണിന്റെ വില ഉയരുകയും ചെയ്യും. പിന്നീട് വാങ്ങിയാൽ നഷ്ടം കൂടുകയും ചെയ്യും. ആ പ്രതിസന്ധി നേരിടുന്നുണ്ടെങ്കിലും ഈ മേഖലയെ ശക്തിപ്പെടുത്തികൊണ്ടുപോകുന്നതിന് പരിമിതികൾക്ക് അകത്തുനിന്ന് പരമാവധി സർക്കാർ ശ്രമിക്കുന്നുണ്ട്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, കേരളം സംരംഭങ്ങൾ ആരംഭിക്കാൻ സാധിക്കാത്ത നാടാണെന്ന് പറഞ്ഞിടത്തുനിന്ന് ഏറ്റവും മികച്ച സ്റ്റാർട്ടപ്പ് എക്കോസിസ്റ്റമുള്ള ഏറ്റവും നന്നായി സംരംഭങ്ങൾ ആരംഭിക്കാൻ സാധിക്കുന്ന ഒരു നാടായി മാറ്റിയതിന് അങ്ങയേയും ഈ സർക്കാരിനേയും ഞാൻ അഭിനന്ദിക്കുകയാണ്. യുവാക്കൾക്കിടയിൽ സംരംഭകത്വം പ്രോൽസാഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമ്പോൾ ഇന്ന് നാം കേരളത്തിൽ നേരിടുന്ന പ്രധാനപ്പെട്ട പല വെല്ലുവിളികളുമുണ്ട്. അതിന് റിന്യൂവബിൾ എനർജിയുടെ കാര്യത്തിലോ അല്ലെങ്കിൽ മാലിന്യ സംസ്കരണം ഉൾപ്പെടെയുള്ള മേഖലകളിൽ യുവാക്കളെ പ്രോൽസാഹിപ്പിക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ; എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഒരു വ്യവസായ പാർക്കെങ്കിലും ഉറപ്പാക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, ബഹുമാന്യനായ അംഗം പറഞ്ഞത് വളരെ ശരിയാണ്. മാതൃഭൂമി സാംസ്കാരികോൽസവത്തിൽ സംഘടിപ്പിച്ച ചർച്ചയുടെ തലക്കെട്ട് കേരളത്തിൽ വ്യവസായം സാദ്ധ്യമാണെന്നാണ്. സാധാരണ സാദ്ധ്യമാണോ എന്ന തലക്കെട്ട് മാറിയതുതന്നെ വലിയ അംഗീകാരമാണെന്ന് പറയുകയുണ്ടായി. അത് നമുക്ക് എല്ലാവർക്കും അവകാശപ്പെട്ടതാണ്. ഈ സഭയിലെ എല്ലാ അംഗങ്ങളും ബഹുമാന്യനായ തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷ് സ്പീക്കറായിരുന്ന ഘട്ടത്തിൽ തൃത്താലയിലാണ് നിയോജകമണ്ഡല അടിസ്ഥാനത്തിൽ സംരംഭക സംഗമങ്ങൾക്ക് തുടക്കം കുറിച്ചത്. അതുപോലെ പല അംഗങ്ങളും ഏറ്റവും ഒടുവിൽ ശ്രീ. നജീബ് കാന്തപുരത്തിന്റെ നിയോയകമണ്ഡലത്തിൽ സ്റ്റാർട്ടപ്പുകളുടെ സ്കെയിലിംഗ് അപ്പ് വളരെ മികച്ച രീതിയിൽ സംഘടിപ്പിക്കുകയുണ്ടായി. അതോടോപ്പം ഇരിക്കൂർ നിയോജകമണ്ഡലത്തിലും ഞാൻ പങ്കെടുക്കുകയുണ്ടായി. ഭരണ-പ്രതിപക്ഷ ഭേദമന്യേ ഓരോ അംഗങ്ങളും അവരവരുടെ നിയോജകമണ്ഡലങ്ങളിൽ വ്യവസായ നയത്തിനെ അടിസ്ഥാനമാക്കി സംരംഭങ്ങൾ കൊണ്ടുവരുന്നതിന് ഭൂരിപക്ഷ എം.എൽ.എ.-മാരും

അംബാസിഡർമാരായിതന്നെ പ്രവർത്തിക്കുന്നുവെന്നതിൽ ഞാൻ എല്ലാവരെയും പ്രത്യേകം അഭിനന്ദിക്കുകയാണ്. അത് ഈ നാടിന് ഏറെ ഗുണകരമാണ്. നമ്മൾ ഒന്നിച്ചുനിന്നാൽ നല്ല മാറ്റമുണ്ടാക്കാൻ സാധിക്കും. മറ്റ് കാര്യങ്ങളിലെല്ലാം നമ്മുടെ അഭിപ്രായ വ്യത്യാസങ്ങൾ രാഷ്ട്രീയമായിത്തന്നെ പറയാം. അദ്ദേഹം പറഞ്ഞത് ശരിയാണ്, ഓരോ പഞ്ചായത്തിലും ഒരു വ്യവസായ എസ്റ്റേറ്റ് എന്ന പുതിയ കാഴ്ചപ്പാട് ഞങ്ങൾ മുന്നോട്ടുവയ്ക്കുന്നുണ്ട്. പഞ്ചായത്തുകൾക്ക് സ്ഥലം വാങ്ങുവാൻ ഗവൺമെന്റ് സാമ്പത്തിക സഹായം നൽകുമെന്ന് ഈ ബഡ്ജറ്റിൽ ഒരു നിർദ്ദേശമുണ്ട്. അതുവച്ച് പഞ്ചായത്ത് സ്ഥലം കണ്ടെത്തുകയാണെങ്കിൽ വ്യവസായ പാർക്ക് വികസിപ്പിക്കുന്നതിനുള്ള പ്രത്യേക സഹായം നൽകാൻ സാധിക്കും. ഇപ്പോൾ 17 സ്വകാര്യ വ്യവസായ പാർക്കുകൾ ഒരു വർഷത്തിനുള്ളിൽത്തന്നെ കേരളത്തിൽ ആരംഭിച്ചുകഴിഞ്ഞു. ഈ മാർച്ച് 31 ആകുമ്പോഴേയ്ക്കും 27 സ്വകാര്യ പാർക്കുകൾ കേരളത്തിൽ വരുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. അതിൽ നമുക്കെല്ലാവർക്കും അഭിമാനിക്കാം. ഏകദേശം 400 ഏക്കറോളം ഭൂമി വ്യവസായ ഭൂമിയായി മാറും. വ്യവസായ പാർക്കുകൾക്ക് ഡെവലപ്പർ പെർമിറ്റ് നൽകി ഉദ്ഘാടനം ചെയ്യുന്ന

അപ്പോൾത്തന്നെ അത് ഇൻഡസ്ട്രിയൽ ഏരിയയായി നോട്ടിഫൈ ചെയ്തിട്ടുള്ള ഗവൺമെന്റ് ഓർഡർ നൽകുന്നുണ്ട്. ഓരോ എസ്റ്റേറ്റിനും പ്രത്യേകം സിങ്കിൾ വിൻഡോ ക്ലിയറൻസ് ബോർഡും നൽകുന്നുണ്ട്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാട്ടിയതുപോലെ പഞ്ചായത്ത് വ്യവസായ പാർക്കും ഇതുകൂടാതെ പ്രധാന ഉത്തരത്തിൽ ചൂണ്ടിക്കാണിച്ചതുപോലെ ഓരോ കോളേജിനോട് ചേർന്ന് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കും, AICT അനുസരിച്ച് നിശ്ചിത ഏക്കർ ഭൂമി എഞ്ചിനിയറിംഗ് കോളേജിനുവേണ്ടിവരും. ബഹുമാന്യനായ സ്പീക്കർ പല ഘട്ടത്തിലും ഈ പ്രശ്നം വ്യവസായ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അതിന് പ്രത്യേക താൽപ്പര്യം അങ്ങ് CAPE-യുമായി ബന്ധപ്പെട്ടെടുത്തിട്ടുണ്ട്. AICT-യുടെ ആവശ്യം കഴിഞ്ഞ് സ്ഥലമുണ്ടെങ്കിൽ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് രൂപീകരിക്കാം. അവിടെ ആ കോളേജുകളുടെ പ്രോജക്ടുകളുടെ ഇൻഡസ്ട്രിയൽ പ്രൊഡക്ഷന് മുൻഗണന നൽകുക, ഫാക്കൽട്ടികളുടെ പ്രോജക്ടുകൾക്ക് ഇൻഡസ്ട്രിയൽ ആപ്ലിക്കേഷന് മുൻഗണന നൽകുക, അലുമിനിക്ക് മുൻഗണന നൽകുക, മറ്റ് സംരംഭങ്ങൾ അവിടെ ആരംഭിക്കുക എന്നിങ്ങനെയാണ്. ബയോടെക്ക് സംരംഭമാണ് ക്യാമ്പസിൽ ആരംഭിക്കുന്നതെങ്കിൽ

കോളേജിലെ ബയോടെക്നോളജി പഠിക്കുന്ന കുട്ടി ഇവിടെ ജോലി ചെയ്യുകയാണെങ്കിൽ ആ കുട്ടിക്ക് മണിക്കൂർ അടിസ്ഥാനത്തിൽ വേതനം നൽകാം. ഒപ്പംതന്നെ ഉന്നതവിദ്യാഭ്യാസത്തിന് അവരും മുൻകൈയ്യെടുത്ത് ഞങ്ങൾ ഒന്നിച്ചാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. 20 മണിക്കൂർ ഒരു കുട്ടി ജോലി ചെയ്താൽ ആ മണിക്കൂറിന് അനുസൃതമായി അവർക്ക് ക്രെഡിറ്റ് നൽകാം അല്ലെങ്കിൽ ബോണസ് മാർക്ക് നൽകാം. ഇങ്ങനെ വന്നാൽ നമ്മുടെ കുട്ടികൾ ഇവിടെത്തന്നെ പഠിക്കുകയും പഠനത്തോടൊപ്പം ജോലി ചെയ്യുകയും ചെയ്യും. നല്ലൊരന്തരീക്ഷം നാട്ടിൽ സംജാതമായി വരുന്നുണ്ട്. അത് നമുക്ക് ഒന്നിച്ച് മുന്നോട്ട് കൊണ്ടുപോകാമെന്നാണ് സൂചിപ്പിക്കാനുള്ളത്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും സംരംഭകത്വ ക്ലബ്ബുകൾ ആരംഭിക്കുന്നത് സംബന്ധിച്ചാണ് സൂചിപ്പിക്കുന്നത്. സ്കൂൾതലം മുതൽ സംരംഭക സംസ്കാരം തുടങ്ങേണ്ടത് അനിവാര്യമാണ്. കുറഞ്ഞപക്ഷം ഹയർ സെക്കണ്ടറിതലം മുതലെങ്കിലും സംരംഭകത്വ ക്ലബ്ബുകൾ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ; വ്യവസായകേന്ദ്രം വഴി നൽകുന്ന ധനസഹായം 20,000 രൂപയിൽ നിന്ന് ഉയർത്താനുള്ള നടപടിയെക്കുറിച്ച് ആലോചിക്കുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, വളരെ ക്രിയാത്മകമായ നിർദ്ദേശമാണ് ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചത്. 'സംരംഭകത്വം' എന്ന വിഷയം നമ്മുടെ കരിക്കുലത്തിന്റെ ഭാഗമാക്കി മാറ്റുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഇത് സ്കൂൾ കരിക്കുലത്തിൽ നിന്നുതന്നെ ആരംഭിക്കണമെന്ന അഭിപ്രായമാണ് സർക്കാരിനുള്ളത്. ബഹുമാന്യനായ മുഖ്യമന്ത്രിയുടെ വകുപ്പിനുകീഴിൽ വരുന്ന കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ കുട്ടികളുടെ കണ്ടുപിടിത്തങ്ങൾ എങ്ങനെ ഉൽപ്പന്നങ്ങളാക്കി മാറ്റാം എന്നതുസംബന്ധിച്ച് മത്സരങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലും ഇത്തരം പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. സംരംഭകത്വം എന്നത് കരിക്കുലത്തിന്റേയും സിലബസ്സിന്റേയും ഭാഗമാക്കി പഠനത്തിൽ ഉൾപ്പെടുത്തണമെന്നതും സ്കൂളുകളിൽ സംരംഭകത്വ ക്ലബ്ബുകൾ ആരംഭിക്കണമെന്ന നിർദ്ദേശവും സ്വാഗതാർഹമാണ്. അത് പരിഗണിക്കാം.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, നമ്മുടെ സംസ്ഥാനത്തിന്റെ അഭിമാനമായ കെൽട്രോൺ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി അങ്ങയുടെ നേതൃത്വത്തിൽ നടക്കുന്ന പരിശ്രമങ്ങളെ സംസ്ഥാനം നല്ല രീതിയിൽ

സ്വീകരിക്കുന്നുണ്ട്. പുനരുദ്ധാരണവുമായി ബന്ധപ്പെട്ട മാസ്റ്റർ പ്ലാൻ പദ്ധതിയുടെ പുരോഗതി സംബന്ധിച്ചും 2017 മുതൽ നടപ്പാക്കേണ്ടിയിരുന്ന ശമ്പള പരിഷ്കരണവും SAFE KERALA പദ്ധതി നടപ്പാക്കിയതിൽ നിന്നും കെൽട്രോണിന് ലഭിക്കേണ്ട തുകയെക്കുറിച്ചും സർക്കാർ ഗൗരവത്തോടെ പരിശോധിക്കുന്നുണ്ടോ?

ശ്രീ. പി. രാജീവ്: സർ, കേരളത്തിന്റെ മാത്രമല്ല നമ്മുടെ രാജ്യത്തിന്റെ തന്നെ അഭിമാനമായ സ്ഥാപനമാണ് കെൽട്രോൺ. എന്നാൽ പലതരം വിവാദങ്ങൾ വരുമ്പോൾ ദേശീയതലത്തിൽ നമുക്ക് ലഭിക്കേണ്ട ടെണ്ടറുകൾ/ഓർഡറുകൾ നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായിട്ടുണ്ട് എന്ന് സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. നിലവിൽ കെൽട്രോണിന് പ്രതിരോധ മേഖലയിൽ നിന്ന് നേരിട്ട് ഓർഡറുകൾ ലഭിക്കുന്നുണ്ട്. പുതിയ റിക്രൂട്ട്മെന്റ് ബോർഡ് മുഖേന എം.ഡി.-മാരുടെ തെരഞ്ഞെടുപ്പ് പൂർത്തീകരിച്ചപ്പോൾ കെൽട്രോണിന്റെ നേതൃത്വം, നമുക്ക് ഏറെ അഭിമാനകരമായ രൂപത്തിലാണുള്ളത്. ISRO-യിലെ Distinguished Scientist ആയിരുന്ന വ്യക്തിയാണ് നിലവിൽ കെൽട്രോണിന്റെ ചെയർമാൻ. നേവിയിൽ നിന്ന് വൈസ് അഡ്മിറലായി വിരമിച്ച വ്യക്തിയാണ് പുതിയ മാനേജിംഗ് ഡയറക്ടർ. ടെക്നിക്കൽ ഡയറക്ടറായി

നിയമിതനായിരിക്കുന്നത് ISRO-യിലെ മറ്റൊരു Distinguished Scientist ആണ്. NPOL-ന്റെ (Naval Physical and Oceanographic Laboratory) ഡയറക്ടർ ആയിരുന്ന വ്യക്തിയാണ് മറ്റൊരു ഡയറക്ടർ. വളരെ വലിയൊരു ടീമാണ് കെൽട്രോണിനെ നയിക്കുന്നത്. നല്ല രീതിയിൽ കെൽട്രോൺ ഇപ്പോൾ മുന്നോട്ട് പോകുന്നുണ്ട്. മാസ്റ്റർപ്ലാൻ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട സാമ്പത്തിക പിന്തുണയിൽ സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ചില പരിമിതികളുണ്ട്. കരാർ സംബന്ധിച്ച കാര്യത്തിൽ ധനകാര്യവകുപ്പിന്റെ ഭാഗത്തുനിന്ന് ചില വിയോജിപ്പുകൾ വന്നിരുന്നു. പ്രസ്തുത വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലാണ്. അധികം വൈകാതെതന്നെ അത് അംഗീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. പി. ടി. എ. റഹീം: സർ, വ്യവസായത്തിനാവശ്യമായ സ്ഥലത്തെ സംബന്ധിച്ച പ്രശ്നമാണ് ഇവിടെ ചർച്ച ചെയ്യുന്നത്. മാവൂരിൽ ഗ്വാളിയോർ റയോൺസിന്റെ 300 ഏക്കർ സ്ഥലം കാടുപിടിച്ച് കിടക്കുകയാണ്. സർക്കാർ അതുസംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. രാജീവ്: സർ, വളരെ പ്രസക്തമായ കാര്യമാണ് അദ്ദേഹം ഇവിടെ സൂചിപ്പിച്ചത്. കോഴിക്കോട് നഗരത്തിൽ ഇത്രയും സ്ഥലം

ഉപയോഗിക്കാൻ കഴിയാതെ കിടക്കുകയാണ്. അത് കോടതി വ്യവഹാരത്തിൽ ഉൾപ്പെടുന്ന സ്ഥലമാണ്. നേരത്തെ ടി സ്ഥലം സർക്കാർ ഏറ്റെടുത്തിരുന്നു. എന്നാൽ യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ അത് റദ്ദാക്കി. 2006-ൽ എൽ.ഡി.എഫ്. അധികാരത്തിൽ വന്നപ്പോൾ വീണ്ടും അത് ഏറ്റെടുത്തു. ഓരോ ഘട്ടത്തിൽ ഏറ്റെടുക്കുമ്പോഴും കേസ്സുമായി കോടതിയിൽ പോകുകയാണ്. നിലവിൽ കോടതി സ്റ്റേ ചെയ്തിരിക്കുന്ന സ്ഥലമാണത്. കേസ് തീരുമാനമായാൽ മാത്രമേ സ്ഥലം വിനിയോഗിക്കാൻ കഴിയുകയുള്ളൂ. എന്നാൽ കേസ് നിലനിൽക്കുന്നതിനിടയിൽ തന്നെ അവരുമായി ചർച്ച ചെയ്ത്, ഏതെങ്കിലും തരത്തിൽ ഭൂമി വ്യവസായ ആവശ്യത്തിന് ഉപയോഗിക്കാൻ കഴിയുമോയെന്ന ശ്രമവും സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നു.

**സംസ്ഥാനത്തിന്റെ ധനപ്രതിസന്ധി മറികടക്കാൻ നടപടി**

4 (*184) ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ.അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം കടക്കെണിയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംസ്ഥാനത്തിന്റെ കടബാധ്യത 2016 മുതൽ 2023 വരെ വാർഷികാടിസ്ഥാനത്തിൽ ലഭ്യമാണോ; എങ്കിൽ ലഭ്യമാക്കുമോ;

(ബി)സംസ്ഥാനത്തിന്റെ ആഭ്യന്തര വരുമാനത്തിന്റെ മൂന്ന് ശതമാനത്തിലധികം പൊതുകടം വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി)ധനകാര്യകമ്മീഷൻ അവാർഡ്പ്രകാരം നൽകേണ്ട സാമ്പത്തിക വിഹിതം നൽകുന്നതിൽ കേന്ദ്രസർക്കാർ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് നികുതി ഇനത്തിൽ പിരിച്ചെടുക്കേണ്ട തുകയിലെ കുടിശ്ശിക 2016-17 മുതൽ 2022-23 സാമ്പത്തിക വർഷം വരെ എത്രയാണെന്ന് വ്യക്തമാക്കാമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ,

(എ) ഫിസ്കൽ റെസ്പോൺസിബിലിറ്റി & ബജറ്റ് മാനേജ്മെന്റ് (FRBM) നിയമപ്രകാരം സംസ്ഥാനങ്ങളുടെ കടമെടുപ്പുപരിധി GSDP-യുടെ ഒരു നിശ്ചിത ശതമാനമായാണ് നിശ്ചയിക്കുന്നത്. കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശപ്രകാരം കേന്ദ്ര സർക്കാർ നിശ്ചയിച്ചുനൽകുന്ന

GSDP അടിസ്ഥാനമാക്കിയുള്ള വായ്പാ പരിധിക്കുള്ളിൽ നിന്നുകൊണ്ട് മാത്രമേ സംസ്ഥാന സർക്കാരിന് കടമെടുക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് സംസ്ഥാനം കടക്കെണിയിലാണോയെന്ന ആക്ഷേപത്തിന് അടിസ്ഥാനമില്ല. നിയമനടപടിക്രമങ്ങൾക്ക് ഉള്ളിൽനിന്നുകൊണ്ട് മാത്രമാണ് സർക്കാർ കടമെടുക്കുന്നത്. എല്ലാ കാര്യങ്ങളും നിയമപ്രകാരമാണ് ചെയ്യുന്നത്.

2015-16 മുതൽ സംസ്ഥാനത്തിന്റെ ജി.എസ്.ഡി.പി.-യിലുള്ള വർദ്ധനവിന് ഏറെക്കുറെ ആനുപാതികമായ വർദ്ധനവാണ് കടത്തിലും ഉണ്ടായിട്ടുള്ളത്. എന്നാൽ, സംസ്ഥാനങ്ങൾ അഭിമുഖീകരിച്ച സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാർ 2019-20 സാമ്പത്തിക വർഷത്തിൽ 3 ശതമാനം വായ്പാപരിധിക്ക് പുറമെ 1471 കോടി രൂപയുടെ അധിക വായ്പയും കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ ജി.എസ്.ഡി.പി.-യുടെ 3 ശതമാനം വായ്പാപരിധിക്ക് പുറമെ 2 ശതമാനം അധിക വായ്പയും സംസ്ഥാനത്തിന് അനുവദിച്ചിരുന്നു. സംസ്ഥാനത്തിന് ഈ അധികവായ്പയെ ആശ്രയിക്കേണ്ടിവന്നത് കടത്തിൽ വർദ്ധനവിന് കാരണമായിട്ടുണ്ട്. കോവിഡ് പ്രതിസന്ധിയായിരുന്നു ആ സമയത്തെ അടിസ്ഥാന കാരണം. 2020-21, 2021-22 സാമ്പത്തിക

വർഷങ്ങളിലെ സംസ്ഥാനത്തിന്റെ കടബാധ്യതയും ജി.എസ്.ഡി.പി.-യും തമ്മിലുള്ള അനുപാതം യഥാക്രമം 38.47 ശതമാനവും 35.92 ശതമാനവുമായിരുന്നുവെങ്കിൽ 2022-23-ൽ ഇത് 34.62 ശതമാനമായി കുറയുകയാണുണ്ടായത്. 2016-17 സാമ്പത്തിക വർഷം മുതൽ 2022-23 സാമ്പത്തിക വർഷം വരെയുള്ള സംസ്ഥാനത്തിന്റെ കടബാധ്യതയുടെ വിശദാംശങ്ങൾ പട്ടികയായി ചുവടെ ചേർക്കുന്നു. കോവിഡ് കാലഘട്ടത്തിൽ 38.47 ശതമാനമായി ഉയർന്നെങ്കിലും പിന്നീട് 34.62 ശതമാനമായി കുറയുകയുണ്ടായി. ഇത് നാം ഫിസ്കൽ കൺസോഡിഡേഷന്റെ പാതയിലാണെന്ന് വ്യക്തമാക്കുകയാണ്.

| **സാമ്പത്തിക വർഷം** | **കടബാധ്യത (തുക കോടിയിൽ)** | **കടബാധ്യത ജി.എസ്.ഡി.പി.-യുടെ ശതമാനത്തിൽ** |
|---|---|---|
| 2016 - 17 | 1,86,453.86 | 29.37 |
| 2017 - 18 | 2,10,762.36 | 30.04 |
| 2018 - 19 | 2,35,631.49 | 29.89 |
| 2019 - 20 | 2,60,311.38 | 32.02 |
| 2020 - 21 | 2,96,900.86 | 38.47 |
| 2021 - 22 | 3,35,641.15 | 35.92 |
| 2022 - 23 | 3,62,191.89 | 34.62 |

(ബി) 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാനത്തിന്റെ പൊതുകടവും ജി.എസ്.ഡി.പി.-യും തമ്മിലുള്ള അനുപാതം യഥാക്രമം 23.54

ശതമാനവും 22.75 ശതമാനവുമാണ്. ഇതനുസരിച്ച് സംസ്ഥാനത്തിന്റെ പൊതുകടത്തിന്റെ തോതിൽ വർദ്ധനവുണ്ടായിട്ടില്ല.

(സി) 15-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരമുള്ള ഗ്രാന്റുകളായ SDRF, SDMF, Local Body Grant എന്നിവയിൽ നടപ്പ് സാമ്പത്തിക വർഷം വരെ ഇനി യഥാക്രമം 138.8 കോടി രൂപ, 69.4 കോടി രൂപ, 1920.58 കോടി രൂപ വീതം ലഭ്യമാകാനുണ്ട്. ഇത് വിവിധ മേഖലകളിലെ ധനകാര്യ കമ്മീഷൻ അംഗീകരിച്ച കണക്കുകൾ പ്രകാരമുള്ളവയാണ്. ധനകാര്യ കമ്മീഷന്റെ തീരുമാനം വളരെ ഏകപക്ഷീയമാണ് എന്നുള്ള പ്രശ്നം തന്നെയാണ് സംസ്ഥാനം ഉന്നയിക്കുന്നത്. അവർ തീരുമാനിച്ചിട്ടുള്ള കണക്ക് അനുസരിച്ച് ഏറ്റവും ഒടുവിലത്തെ കണക്കിൽ സംസ്ഥാനത്തിന് ആകെ നികുതി വരുമാനത്തിന്റെ 79 ശതമാനവും സംസ്ഥാനം തനതായി ഉണ്ടാക്കേണ്ടതായി വന്നു. 21 ശതമാനം മാത്രമേ കേന്ദ്ര വിഹിതത്തിന്റെ ഭാഗമായി വന്നിട്ടുള്ളൂ. ഇന്ത്യൻ ശരാശരിയിൽ അത് 46 ശതമാനമാണെന്നത് വളരെ വിശദമായി സൂചിപ്പിച്ചിട്ടുണ്ട്. ഇവിടെ കേന്ദ്രം നിശ്ചയിച്ചിട്ടുള്ള കണ്ടീഷൻ നമ്മുടെ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്ക് ചേരുന്നതല്ല. ഇന്ത്യൻ ശരാശരിയുമായി ചേരാത്തതാണ്.

(ഡി) 2022-23 സാമ്പത്തിക വർഷം വരെ സംസ്ഥാനം പിരിച്ചെടുക്കേണ്ട നികുതിയിനത്തിലുള്ള ആകെ കുടിശ്ശിക 19,975.43 കോടി രൂപയാണ്. ഇതിൽ 5914 കോടി രൂപ കോടതി കേസുകൾ ഉൾപ്പെടുന്ന തർക്കത്തിലുള്ളതാണ്. 14,061.30 കോടി രൂപയാണ് തർക്കരഹിതമായിട്ടുള്ളത്. പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള കുടിശ്ശിക തുകയാണിത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ കണക്കുകൾ വിശദമായി ശേഖരിച്ചിട്ടുണ്ട്. വളരെ വിശദമായ കണക്കുകൾ ഇവിടെ സൂചിപ്പിക്കുന്നില്ല. കണക്കുകൾ പ്രകാരം സംസ്ഥാന സർക്കാരിന്റേയും കേന്ദ്രസർക്കാരിന്റേയും സ്ഥാപനങ്ങളിൽ നിന്ന് വളരെ വലിയ തുകയാണ് ലഭിക്കാനുള്ളത്. അത് നേരത്തെ തന്നെ സി.&എ.ജി. റിപ്പോർട്ടുകൾ ഉൾപ്പെടെയുള്ള കണക്കുകളിൽ വന്നിട്ടുണ്ട്. മോട്ടോർ വാഹന രംഗത്തെ കുടിശ്ശികയായ 2616 കോടി രൂപയിൽ 70 ശതമാനത്തിലധികം തുക കെ.എസ്.ആർ.റ്റി.സി.-യിൽ നിന്ന് ലഭിക്കാനുള്ളതാണ്. കെ.എസ്.ഇ.ബി.എൽ.-ൽ നിന്നും തുക ലഭ്യമാകാനുണ്ട്. കിട്ടാനുള്ള തുകയുടെ നല്ലൊരു ഭാഗവും സംസ്ഥാന - കേന്ദ്ര സർക്കാരുകളുടെ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുൾപ്പെടെ കിട്ടാനുള്ള കുടിശ്ശികയാണ്.

ശ്രീ. മാണി സി. കാപ്പൻ: സർ, സംസ്ഥാനം രൂക്ഷമായ ധനപ്രതിസന്ധി

നേരിടുമ്പോൾ ഇത് മറികടക്കാൻ സർക്കാർ അധിക വിഭവ സമാഹരണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അധിക വിഭവ സമാഹരണത്തിനായി നമ്മുടെ സംസ്ഥാനം വളരെയധികം കാര്യങ്ങൾ ചെയ്തിട്ടുണ്ട്. വിഭവ സമാഹരണത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഒന്നാം സ്ഥാനം കേരളത്തിനാണ്. സ്റ്റേറ്റ് ഓൺ ടാക്സ് റവന്യൂ 47,000 കോടി രൂപയായിരുന്നു. ഇതിൽ കോവിഡ് കാലഘട്ടത്തിനുശേഷം രണ്ട് വർഷം കൊണ്ട് നല്ല രീതിയിൽ മുന്നോട്ടുവരാൻ കഴിഞ്ഞു. 50 ശതമാനത്തിലധികം വർദ്ധനവുണ്ടായി എന്നതൊരു പ്രധാന കാര്യമാണ്. മദ്യം, പെട്രോൾ, ഡീസൽ എന്നിവ ഒഴികെ ബാക്കി എല്ലാ ഘടകങ്ങളിലും നികുതിയുടെ കാര്യത്തിൽ കേന്ദ്രമാണ് തീരുമാനമെടുക്കുന്നത്. ഏറ്റവും നല്ലരീതിയിൽ നോൺ ടാക്സ് റവന്യൂവും ശേഖരിക്കാനുള്ള ശ്രമം നടത്തിയിട്ടുണ്ട്. 2 വർഷത്തിനിടയിൽ 50 ശതമാനത്തിലധികം വർദ്ധനവുണ്ടായി എന്നത് ശരിയാണ്. പക്ഷെ അതിന് പരിമിതിയുണ്ട്. അധിക വിഭവസമാഹരണത്തിന്റെ കാര്യത്തിൽ കേന്ദ്രത്തിൽ നിന്ന് ലഭിക്കേണ്ട

വിഹിതം ഒരു പ്രശ്നം തന്നെയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, മന്ത്രിമാർ, എം.എൽ.എ.-മാർ തുടങ്ങിയവർ അർഹമായത് ലഭിക്കാൻ വേണ്ടിയാണ് ഡൽഹിയിൽ ധർണ്ണ സംഘടിപ്പിച്ചത്. നിലവിൽ സുപ്രീം കോടതിയിൽ കേസ് നടക്കുകയാണ്. അർഹമായ വിഭവ സമാഹരണത്തിനായുള്ള വിവിധ പ്രവർത്തനങ്ങളുടെ ഭാഗമായി നിയമപരമായും രാഷ്ട്രീയപരമായും ചെയ്യേണ്ട കാര്യങ്ങളെല്ലാം ചെയ്യുന്നുണ്ട്.

(ചോദ്യോത്തര സമയം കഴിഞ്ഞു)